2023
NOVEMBER
14
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995




## വാണിജ്യ ബാങ്കുകൾ ഭവന വായ്പകളുടെ പലിശ നിരക്ക് വീണ്ടും കൂട്ടുന്നു

**കൊച്ചി:** പണഞ്ഞെരുക്കം ശക്തമായതോടെ വാണിജ്യ ബാങ്കുകൾ ഭവന വായ്പകളുടെ പലിശ നിരക്ക് വീണ്ടും കൂട്ടുന്നു. റിസർവ് ബാങ്ക് മുഖ്യ പലിശ നിരക്കുകൾ വർധിപ്പിച്ചതിനു ശേഷമാണ് ഇതുവരെ ബാങ്കുകൾ ഭവന വായ്പകളുടെ പലിശ ഉയർത്തിയിരുന്നത്. എന്നാൽ ഇപ്പോൾ ആവശ്യത്തിന് ഫണ്ടില്ലാത്തതിനാൽ ഉയർന്ന നിരക്കിൽ നിക്ഷേപം സമാഹരിക്കേണ്ടി വന്നതിനാൽ നഷ്ടം നികത്താൻ ബാങ്കുകൾ ഏകപക്ഷീയമായി പലിശ വർധിപ്പിക്കുകയാണെന്ന് ധനകാര്യ വിദഗ്ധർ പറയുന്നു.

കഴിഞ്ഞ ദിവസങ്ങളിൽപ്രമുഖ സ്വകാര്യ ബാങ്കുകളായ ഐ. സി. ഐ. സി. ഐ ബാങ്കും എച്ച്. ഡി. എഫ്. സി ബാങ്കും ബാങ്ക് ഒഫ് ഇന്ത്യയും സ്റ്റേറ്റ് ബാങ്ക് ഒഫ് ഇന്ത്യയും ഉൾപ്പെടെയുള്ള ബാങ്കുകൾ മാർജിനൽ കോസ്റ്റ് അടിസ്ഥാനമാക്കിയുള്ള വായ്പാ നിരക്ക് (എം. സി. എൽ. ആർ) വർധിപ്പിച്ചിരുന്നു. രാജ്യത്തെ മറ്റു ബാങ്കുകളും വരും ദിവസങ്ങളിൽ നിരക്ക് വർധിപ്പിക്കുമെന്നാണ് വിലയിരുത്തുന്നത്. ഇതോടെ എം. സി. എൽ. ആറുമായി ബന്ധിപ്പിച്ചിട്ടുള്ള വായ്പകളുടെയെല്ലാം പ്രതിമാസ തിരിച്ചടവ് തുക (ഇ. എം. ഐ) കൂടുകയാണ്. ഇതോടൊപ്പം വാഹന, വ്യക്തിഗത, ഭവന വായ്പകൾ എം. സി. എൽ. ആറുമായി ബന്ധിപ്പിച്ചാണ് ബാങ്കുകൾ പലിശ നിശ്ചയിച്ചിട്ടുള്ളത്. പുതുക്കിയ നിരക്കുകളനുസരിച്ച് ഐ. സി. ഐ. സി. ഐ ബാങ്കിൻറെ എം. സി. എൽ. ആർ 8.5 ശതമാനം മുതൽ ഒൻപത് ശതമാനം വരെയാണ്. ബാങ്ക് ഒഫ് ഇന്ത്യയുടെ നിരക്ക് 7.95 മുതൽ 8.95 വരെയായാണ് പുതുക്കിയത്.

നാണയപ്പെരുപ്പം ഗണ്യമായി ഉയർന്നതോടെ മുഖ്യ നിരക്കായ റിപ്പോ കഴിഞ്ഞ വർഷം മേയ് മാസത്തിനുശേഷം ആറു തവണയായി റിസർവ് ബാങ്ക് 2.5 ശതമാനം ഉയർത്തിയിരുന്നു. സാമ്പത്തിക മേഖലയ്ക്ക് ബാധ്യതയാകുമെന്ന വിലയിരുത്തൽ മൂലം കഴിഞ്ഞ ആറു മാസമായി റിസർവ് ബാങ്ക് റിപ്പോ നിരക്ക് മാറ്റം വരുത്തിയിട്ടില്ല. ഈ സാഹചര്യത്തിലാണ് ബാങ്കുകൾ സ്വമേധയാ പലിശ നിരക്ക് ഉയർത്തുന്നത്.

## മണിപ്പൂരിൽ 9 മെയ്തി തീവ്രവാദ സംഘടനകളെ നിരോധിച്ച് കേന്ദ്രം




**ന്യൂഡൽഹി:** രാജ്യവിരുദ്ധ പ്രവർത്തനത്തിൻറെ പേരിൽ മണിപ്പൂരിലെ ഒമ്പതു മെയ്തി തീവ്രവാദി സംഘടനകളെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിരോധിച്ചു. അഞ്ചു വർഷത്തേക്കാണു നിരോധനം. പീപ്പിൾസ് ലിബറേഷൻ ആർമി, ഇതിൻറെ രാഷ്ട്രീയ രൂപമായ റെവല്യൂഷനറി പീപ്പിൾസ് ഫ്രണ്ട്, യുണൈറ്റഡ് നാഷണൽ ലിബറേഷൻ ഫ്രണ്ട്, മണിപ്പൂർ പീപ്പിൾസ് ആർമി തുടങ്ങിയ സംഘടനകൾ നിരോധിക്കപ്പെട്ടവയിൽ ഉൾപ്പെടുന്നു. യുഎപിഎ പ്രകാരമാണു നടപടി.

എന്നാൽ, ഇവയുടെ പ്രവർത്തകർക്കെതിരേ അടിയന്തരമായി നടപടിയെടുക്കില്ല. ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രവർത്തകർക്കെതിരായ ഏതു നടപടിയും മണിപ്പൂരിലെ സംഘർഷം രൂക്ഷമാക്കാൻ ഉപയോഗിക്കപ്പെടുമെന്നതിനാലാണിത്.

# യുഎസിലും യൂറോപ്പിലും മാന്ദ്യം ഇന്ത്യയിൽനിന്നുള്ള കയറ്റുമതി കുറയും

**കൊച്ചി:** ലോകത്തിലെ മുൻനിര സാമ്പത്തിക ശക്തികളായ അമെരിക്കയിലും യൂറോപ്പിലും മാന്ദ്യം തീവ്രമായതോടെ രാജ്യത്തെ കയറ്റുമതി മേഖലയിൽ അനിശ്ചിതത്വം ശക്തമാകുന്നു. ഇന്ത്യയിൽ നിന്നുള്ള മൊത്തം കയറ്റുമതിയിൽ നടപ്പു സാമ്പത്തിക വർഷം 30 ശതമാനത്തിലധികം കുറവുണ്ടാകുമെന്നാണ് പ്രവചിക്കുന്നത്.



ഐടി, മാനുഫാക്ച്ചറിങ്, മറ്റു സേവന മേഖലകൾ, സ്വർണ, വജ്രാഭരണങ്ങൾ എന്നിവയുടെ കയറ്റുമതിയിൽ കനത്ത തളർച്ചയാണ് കഴിഞ്ഞ ദിവസങ്ങളിൽ ദൃശ്യമായത്. ലോകമൊട്ടാകെ നാണയപ്പെരുപ്പം അപകടകരമായി ഉയർന്നതോടെ പ്രമുഖ കേന്ദ്ര ബാങ്കുകൾ തുടർച്ചയായി പലിശ നിരക്ക് മാനം മുട്ടെ ഉയർത്തിയതാണ് വികസിത വിപണികളെ കടുത്ത മാന്ദ്യത്തിലേക്ക് തള്ളിയിടുന്നത്. ഇതോടെ ചെറുകിട ഉപയോക്താക്കൾ മുതൽ വൻകിട കമ്പനികൾ വരെ ചെലവു ചുരുക്കൽ നടപടികളിലേക്ക് കടക്കുന്നതാണ് ഇന്ത്യൻ കയറ്റുമതിക്കാർക്ക് വിനയാകുന്നത്. സംസ്ഥാനത്തെ കയർ, സുഗന്ധവ്യഞ്ജനങ്ങൾ, ഐടി സേവനങ്ങൾ തുടങ്ങിയ മേഖലകളിലും പ്രതിസന്ധി കടുക്കുകയാണ്.

സെപ്റ്റംബറിൽ ഇന്ത്യയുടെ കയറ്റുമതി 2.6 ശതമാനം ഇടിഞ്ഞ് 3447 കോടി ഡോളറായിരുന്നു. ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള ആറു മാസത്തിനിടയിൽ ഇന്ത്യയുടെ കയറ്റുമതി 8.2 ശതമാനമാണ് ഇടിവ് നേരിട്ടത്. ഇതോടൊപ്പം ഇറക്കുമതിയും കാര്യമായി കുറഞ്ഞതിനാൽ രാജ്യത്തെ വ്യാപാര കമ്മി നിയന്ത്രണ വിധേയമായി തുടരുന്നതാണ് കേന്ദ്ര സർക്കാരിനും റിസർവ് ബാങ്കിനും ആശ്വാസം പകരുന്നത്.

ആഭ്യന്തര ഉപഭോഗത്തിലുണ്ടായ മികച്ച വളർച്ച കാരണം കയറ്റുമതി മേഖലയിലെ ഇടിവ് രാജ്യത്തെ കോർപ്പറേറ്റ് മേഖലയുടെ പ്രവർത്തനക്ഷമതയെ പ്രതികൂലമായി ബാധിച്ചില്ലെന്ന് ഈ രംഗത്തുള്ളവർ പറയുന്നു. വിപണിയിലെ പണലഭ്യത ഉയർന്നു നിൽക്കുന്നതിനാൽ ഇന്ത്യയിലെ ആഭ്യന്തര വിപണി കഴിഞ്ഞ ആറു മാസമായി മികച്ച വളർച്ചയാണ് നേരിടുന്നത്. ഇലക്ട്രോണിക്സ്, ഹെവി എൻജിനീയറിങ്, കൺസ്യൂമർ പ്രൊഡക്റ്റ്സ് ഉത്പാദനം എന്നിവ മുതൽ ഹരിത ഇന്ധന, വാഹന മേഖലകളിൽ വരെ ഇന്ത്യൻ കമ്പനികൾ മത്സരക്ഷമത ആർജിച്ച് അതിവേഗം വിപണി വികസിപ്പിക്കുകയാണ്.





# മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ളം; റോഷി അഗസ്റ്റിൻ

**പത്തനംതിട്ട:** സംസ്ഥാനത്ത് മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രവൃത്തികളുടെ ടെൻഡർ പൂർത്തിയായതായി ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. എഴുമറ്റൂർ ഗ്രാമ പഞ്ചായത്ത് സമ്പൂർണ കുടിവെള്ള പദ്ധതി നിർമ്മാണോദ്ഘാടനം തെള്ളിയൂർകാവ് ജി ജി ഹാളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

എല്ലാ ഭവനങ്ങളിലും ടാപ്പിലൂടെ ശുദ്ധജലം എത്തിക്കുന്ന പദ്ധതിക്ക് സംസ്ഥാനം വലിയ തോതിൽ പിന്തുണ നൽകുന്നു. ജല സാന്നിധ്യം കൂടുതൽ ഉണ്ടെങ്കിലും സംസ്ഥാനത്ത് ഭൂഗർഭ ജലം കുറയുകയും കടലിലെ ജലനിരപ്പ് ഉയരുകയും ചെയ്യുന്ന അവസ്ഥയാണ് ഉള്ളത്.

നല്ല സ്രോതസുകളിൽ നിന്നു ജലമെടുത്ത് പദ്ധതികൾ ആവിഷ്കാരിക്കുന്നതിന് സർക്കാർ പ്രാധ്യാനം നൽകുന്നു. എംഎൽഎയുടെ ശ്രമഫലമായി റാന്നി മണ്ഡലത്തിൽ ആദ്യഘട്ടത്തിൽ തന്നെ എല്ലാ വീടുകളിലും ശുദ്ധജലം എത്തിക്കുന്നതിനു സമ്പൂർണ്ണ അനുമതി നേടി. പദ്ധതി നടത്തിപ്പിന് എം എൽ എ, എം പി, ത്രിതല പഞ്ചായത്ത് പ്രവർത്തകർ പ്രവർത്തിച്ചതായും മന്ത്രി പറഞ്ഞു.

എഴുമറ്റൂർ പഞ്ചായത്തിന്റെ കാലങ്ങളായുള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള ശ്രമമാണ് സഫലമാകുന്നതെന്ന് അധ്യക്ഷത വഹിച്ച് അഡ്വ. പ്രമോദ് നാരായൺ എംഎൽഎ പറഞ്ഞു. 80.6 കോടി രൂപ ചെലവഴിച്ചു നടത്തുന്ന പ്രവർത്തനത്തിലൂടെ വലിയൊരു നേട്ടമാണ് കൈവരിക്കുന്നത്. പി.എച്ച് സി നിർമാണം, സ്കൂൾ, റോഡ് വികസനം തുടങ്ങി നിരവധി വികസന പ്രവർത്തനങ്ങൾ എഴുമറ്റൂർ ഗ്രാമ പഞ്ചായത്തിൽ നടക്കുന്നതായും എംഎൽഎ പറഞ്ഞു

കേന്ദ്ര സംസ്ഥാന ഗ്രാമ പഞ്ചായത്തുകൾ ഒത്തു ചേർന്നു നടത്തുന്ന പദ്ധതി നാടിന്റെ മുഖചായ മാറ്റുമെന്ന് ആന്റോ ആന്റണി എം പി പറഞ്ഞു. ശുദ്ധജലം ലഭ്യമാകാത്തത് രോഗങ്ങൾക്ക് കാരണം ആകുന്നു. ജലജീവൻ പദ്ധതിയിലൂടെ ഗുണമേന്മയുള്ള ശുദ്ധജലം വീടുകളിൽ എത്തുമെന്നും എം പി പറഞ്ഞു. ജൽ ജീവൻ മിഷനിലൂടെ 25.97 കോടി രൂപ ചെലവഴിച്ചാണ് എഴുമറ്റൂർ ഗ്രാമപഞ്ചായത്തിലെ 4519 കുടുംബങ്ങൾക്ക് പ്രവർത്തനക്ഷമമായ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പദ്ധതി നടപ്പാക്കുന്നത്.

ജില്ലാ കളക്ടർ എ. ഷിബു, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജിജി പി ഏബ്രഹാം,ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. കെ വത്സല,വൈസ് പ്രസിഡന്റ് ഉണ്ണി പ്ലാച്ചേരി,ജല അതോറിറ്റി അംഗം ഉഷാലയം ശിവരാജൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ജിജി മാത്യു, കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പർ ജി. ശ്രീകുമാർ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# ഇന്ത്യയുടെ വിജയഗാഥയിൽ പങ്കാളിയാകാൻ ദീർഘകാല നിക്ഷേപകനാകണം: എൻഎസ്ഇ സിഇഒ ആശിഷ്കുമാർ ചൗഹാൻ

**കൊച്ചി:** ഇന്ത്യയുടെ വിജയഗാഥയിൽ പങ്കാളിയാകാനുള്ള ഏറ്റവും മികച്ച മാർഗം ദീർഘകാല നിക്ഷേപകനാകുകയെന്നതാണെന്ന് എൻഎസ്ഇ സിഇഒ ആശിഷ്കുമാർ ചൗഹാൻ പറഞ്ഞു.ദീപാവലി വിളക്കുകൾ തെളിക്കുന്നതു പോലെ ഊർജ്ജസ്വലമായ വിപണിയിൽ ശ്രദ്ധയോടു കൂടിയ തെരഞ്ഞെടുപ്പുകളുടേയും തന്ത്രപരമായ നിക്ഷേപങ്ങളും ഓരോ ട്രേഡും വളർച്ചയും നിക്ഷേപകർക്കിടയിലെ ഐക്യവും വാഗ്ദാനം ചെയ്യുന്നു. രജിസ്റ്റർ ചെയ്ത ഇടനിലക്കാരുമായി മാത്രം ഇടപാടുകൾ നടത്താനും നിയന്ത്രണങ്ങൾക്കു കീഴിലല്ലാത്ത പദ്ധതികളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുകയും വേണം.

ഓഹരി വിപണി ദീർഘകാല സ്വത്തു സമ്പാദനത്തിന് ഉദ്ദേശിച്ചുള്ളതാണ്. സുഖകരമല്ലാത്ത അനുഭവമുണ്ടായാൽ അത് നിക്ഷേപകരെ ഓഹരി വിപണിയിലേക്കു വീണ്ടും എത്തുന്നതിനെ നിരുത്സാഹപ്പെടുത്തും. ഡെറിവേറ്റീവുകളിൽ അടങ്ങിയിരിക്കുന്ന ഉയർന്ന അപകട സാധ്യത കണക്കിലെടുത്ത് ചെറുകിട നിക്ഷേപകർ ഡെറിവേറ്റീവുകളിൽ ട്രേഡു ചെയ്യുന്നത് ഒഴിവാക്കണമെന്നും ആശിഷ്കുമാർ ചൗഹാൻ പറഞ്ഞു.ഒരു ദീർഘകാല നിക്ഷേപകനാകുക. ഇന്ത്യയുടെ വിജയഗാഥയിൽ പങ്കാളിയാകാനുള്ള ഏറ്റവും മികച്ച മാർഗം അതാണ്. ഓരോ ഇടപാടും ശക്തവും സമ്പന്നപൂർണ്ണവുമായ ഭാവി കെട്ടിപ്പടുക്കാനുള്ള കൂട്ടായ നീക്കത്തെയാണ് സൂചിപ്പിക്കുന്നതെന്നും ആശിഷ്കുമാർ ചൗഹാൻ പറഞ്ഞു.



# ലോകോത്തര നിലവാരമുള്ള ലേബർ റൂം ഉടൻ മന്ത്രി വീണ ജോർജ്

**കൊല്ലം:** ലക്ഷ്യ പദ്ധതി പ്രകാരം ലോകോത്തര നിലവാരമുള്ള ലേബർ റൂമും അനുബന്ധ സജീകരണങ്ങളുടെ നിർമാണവും കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ അവസാന ഘട്ടത്തിലാണ് എന്ന് മന്ത്രി വീണ ജോർജ്. പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഇവിടം സന്ദർശിക്കുകയായിരുന്നു മന്ത്രി. സർക്കാർ ജനങ്ങൾക്കായി ലഭ്യമാക്കുന്ന മരുന്നുകളും ചികിത്സ സഹായങ്ങളും ജനങ്ങളിലേക്ക് എത്തുന്നു എന്ന് ഉറപ്പാക്കണം എന്ന നയത്തിന്റെ ഭാഗമായാണ് പ്രവർത്തനങ്ങളുടെ വിലയിരുത്തൽ. ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മുൻതൂക്കം നൽകി സ്ഥലമേറ്റടുക്കൽ ഉൾപ്പടെ ഉള്ള നടപടികൾ അതിവേഗം പൂർത്തിയാക്കാനും പുതിയ കെട്ടിടത്തിന്റെ നിർമാണം ആരംഭിക്കാനും നിർദേശിച്ചിട്ടുണ്ട്. ആവശ്യമായ തസ്തികകൾ നിർമിക്കും എന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു . രോഗികളോടും കൂട്ടിരിപ്പുകാരോടും മന്ത്രി ആശയവിനിമയം നടത്തി. പ്രശ്നങ്ങളും പരാതികളും തീർപ്പാക്കുന്നതിന് ആവശ്യമായ നിർദേശങ്ങളും നൽകി.

# സ്റ്റാർട്ടപ്പ് മിഷനുമായി ഐഎച്ച്ആർഡി ധാരണാപത്രം ഒപ്പിട്ടു

**തിരുവനന്തപുരം:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് (ഐഎച്ച്ആർഡി) സ്ഥാപനങ്ങളിൽ സാങ്കേതികവിദ്യയും സംരംഭകത്വ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി ഐഎച്ച്ആർഡി യുമായി കേരള സ്റ്റാർട്ടപ്പ് മിഷൻ ധാരണാപത്രം ഒപ്പുവച്ചു. ഉന്നത വിദ്യാഭ്യാസ സാമൂഹിക നീതി മന്ത്രി ഡോ ആർ ബിന്ദുവിന്റെ സാന്നിദ്ധ്യത്തിൽ സെക്രട്ടറിയേറ്റിലെ മന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിലാണ് കെഎസ്യുഎം സിഇഒ അനൂപ് അംബികയും ഐഎച്ച്ആർഡി ഡയറക്ടർ ഡോ അരുൺ കുമാർ വി എ യും ധാരണാപത്രത്തിൽ ഒപ്പുവച്ചത്.

ധാരണാപത്രം അനുസരിച്ച് ഐഎച്ച്ആർഡി സ്ഥാപനങ്ങളിൽ അഞ്ച് വർഷത്തേക്ക് സ്റ്റാർട്ടപ്പുകൾക്കുള്ള തൊഴിലിടവും ഗവേഷണ വികസന കേന്ദ്രവും സ്റ്റാർട്ടപ്പ് മിഷൻ ഒരുക്കും. കൊട്ടാരക്കരയിലെ ഐഎച്ച്ആർഡി കോളേജ് ഓഫ് എഞ്ചിനീയറിംഗിലാണ് സ്റ്റാർട്ടപ്പുകൾക്കുള്ള ആദ്യ തൊഴിലിടവും ഗവേഷണ വികസന കേന്ദ്രവും സ്ഥാപിക്കുക.

കൊട്ടാരക്കര ഐഎച്ച്ആർഡി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിലവിലുള്ള ലോഞ്ച് എംപവർ ആക്സിലറേറ്റ് പ്രോസ്പർ (ലീപ്) സെന്ററുകൾ കോവർക്കിംഗ് സ്പേസാക്കി മാറ്റും. കൊട്ടാരക്കര ഐഎച്ച്ആർഡി എഞ്ചിനീയറിംഗ് കോളേജിൽ 3,800 ചതുരശ്രയടി കെട്ടിടത്തിലാണ് സ്റ്റാർട്ടപ്പ് മിഷൻ ഗവേഷണ വികസന കേന്ദ്രം തുറക്കുക. പുതിയ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കും പൂർവ്വ വിദ്യാർത്ഥികൾക്കും പദ്ധതിയുടെ ഗുണം ലഭിക്കും.

ഐഎച്ച്ആർഡി സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളെ വ്യവസായികൾ, സ്റ്റാർട്ടപ്പ് മേഖലയിലെ മാർഗനിർദേശകർ, നിക്ഷേപകർ എന്നിവരുമായി സ്റ്റാർട്ടപ്പ് മിഷൻ ബന്ധിപ്പിക്കും. സ്റ്റാർട്ടപ്പ് മിഷൻ പ്രതിനിധികൾ സ്റ്റാർട്ടപ്പുകൾക്കുള്ള തൊഴിലിടം, ഗവേഷണ വികസന കേന്ദ്രം എന്നിവയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കും. ഇൻകുബേഷൻ, ഗവേഷണ വികസന കേന്ദ്രങ്ങൾ എന്നിവ വഴി ലഭിക്കുന്ന വരുമാനം ധാരണാപത്ര കാലയളവിൽ കെഎസ്യുഎമ്മും ഐഎച്ച്ആർഡിയും പങ്കിടും.

# സൗജന്യ മത്സര പരീക്ഷാ ക്ലാസ്

**തിരുവനന്തപുരം:** മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ പി.എസ്.സി മത്സര പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർഥികൾക്കുവേണ്ടി സൗജന്യ മത്സര പരീക്ഷാ പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു.
താത്പര്യമുള്ള ഉദ്യോഗാർഥികൾ നവംബർ 20 നു മുൻപായി 7907409760 എന്ന വാട്ട്സ് ആപ്പ് നമ്പരിലേക്ക് താത്പര്യം അറിയിച്ചുകൊണ്ട് മെസ്സേജ് അയക്കണം. കൂടുതൽ വിവരങ്ങൾക്ക്: 04712992609.




# കൊച്ചി മെട്രോയെ അടുത്തറിയാൻ എക്സ്പീരിയൻസ് സെന്റർ

**കൊച്ചി:** മെട്രോയുടെ വിവിധ യാത്രാ പാസ്സുകൾ, പ്രൊജക്റ്റുകൾ, മെട്രോ സ്റ്റേഷനുകളിൽ വിവിധ പരിപാടികൾ ആസൂത്രണം ചെയ്യാനുള്ള സാധ്യതകൾ ...അങ്ങനെ മെട്രോയെക്കുറിച്ച് പൊതുജനങ്ങൾക്ക് എന്ത് സംശയമുണ്ടെങ്കിലും അവ ദൂരീകരിക്കുന്നതിനായി ഇനി എക്സ്പീരിയൻസ് സെന്ററിലേക്കെത്താം.

മെട്രോ കണക്റ്റ് എന്ന് പേരിട്ടിരിക്കുന്ന എക്സ്പീരിയൻസ് സെന്ററിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 11 മണിക്ക് കെഎംആർഎൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ നിർവ്വഹിക്കും. നടിയും അവതാരകയുമായ അശ്വതി ശ്രീകാന്തും ചടങ്ങിൽ പങ്കെടുക്കും.മെട്രോ സ്റ്റേഷനുകളിൽ വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമായ സ്ഥലങ്ങളെക്കുറിച്ചുള്ള വിശാദാംശങ്ങൾ, മൊബൈൽ ക്യൂ ആർ ടിക്കറ്റ്, കൊച്ചി വൺ കാർഡ്, വിവിധ ട്രിപ്പ് പാസ്സുകൾ, ഓഫറുകൾ, വിവിധ സ്കീമുകൾ , ഇളവുകൾ എന്നിവയെക്കുറിച്ച് അറിയാൻ പൊതുജനങ്ങൾക്ക് മെട്രോ കണക്റ്റിൽ എത്താം. വിവിധ യാത്രാ പാസ്സുകളും കൊച്ചി വൺ കാർഡും പുതുതായി വാങ്ങുന്നതിനും മെട്രോ കണക്റ്റിനെ സമീപിക്കാം. തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെയാണ് മെട്രോ കണക്റ്റ് പ്രവർത്തിക്കുക.

രണ്ടാം ശനിയാഴ്ച്ചയും നാലാം ശനിയാഴ്ച്ചയും ഞായറാഴ്ച്ചകളിലും അവധിയായിരിക്കും. രല.ര ലല്ലൈല@സാൃഹ.രീ.ശി എന്ന മെയിൽ വഴിയും 0484 2846777 എന്ന നമ്പറിലും അധികൃതരെ ബന്ധപ്പെടാവുന്നതാണ്. യാത്രക്കാരുടെ പരാതികൾ/പ്രശ്നങ്ങൾ എന്നിവ പരിഹാരത്തിനായി നിലവിൽ മുട്ടം യാർഡ് ആസ്ഥനമായി കസ്റ്റമർ റിലേഷൻസ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. യാത്ര സംബന്ധമായ പരാതികൾ അറിയിക്കുന്നതിന് പൊതുജനങ്ങൾക്ക് 1800 425 0355 എന്ന നമ്പറിൽ വിളിക്കാം.

നവംബർ 14ന് ശിശുദിനത്തോടനുബന്ധിച്ച് ഇടപ്പള്ളി മെട്രോ സ്റ്റേഷനിൽ രാവിലെ 11 മണിക്ക് നജാത്ത് പബ്ളിക് സ്കൂളിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കലാപരിപാടികൾ ഉണ്ടായിരിക്കുന്നതാണ്. അന്താരാഷ്ട്ര ഡയബറ്റീസ് ദിനത്തോടനുബന്ധിച്ച് 14ന് എല്ലാ മെട്രോ സ്റ്റേഷനുകളിലും രാവിലെ 8 മണി മുതൽ 12 മണി വരെ സൗജന്യ ബ്ളഡ് ഷുഗർ പരിശോധന ക്യാംപ് ഒരുക്കിയിട്ടുണ്ട്.

കൊച്ചി വാട്ടർ മെട്രോയുടെ ഹൈക്കോർട്ട് ജംഗ്ഷൻ ടെർമിനലിലും സൗജന്യ ബ്ളഡ് ഷുഗർ പരിശോധന ക്യാംപ് ഉണ്ടായിരിക്കുന്നതാണ്. യാത്രക്കാർക്ക് ഈ സൗജന്യ സേവനം ഉപയോഗിക്കാവുന്നതാണ്.

# ടാറ്റ ടീ ഗോൾഡ് വിറ്റാകെയർ പുറത്തിറക്കി

**കൊച്ചി:** പ്രമുഖ ചായ ബ്രാൻഡായ ടാറ്റ ടീ ടാറ്റ ടീ ഗോൾഡ് വിറ്റാകെയർ അവതരിപ്പിച്ചു. വിറ്റാമിൻ ഡി, ബി 12, ബി 6, ബി 9 എന്നിവയാൽ സമ്പുഷ്ടമായ ചായയാണ് ടാറ്റ ടീ ഗോൾഡ് വിറ്റാകെയർ എന്ന് ടാറ്റ കൺസ്യൂമർ പ്രൊഡക്ട്സ് പാക്കേജ്ഡ് ബിവറേജസ്, ഇന്ത്യ ആന്റ് സൗത്ത് ഏഷ്യ പ്രസിഡൻറ് പുനീത് ദാസ് പറഞ്ഞു.രണ്ട് കപ്പ് ടാറ്റ ടീ ഗോൾഡ് വിറ്റകെയർ ചായയിൽ നിന്നും ദിവസേന ആവശ്യമായ ഈ 4 വിറ്റാമിനുകളുടെ 30 ശതമാനവും ലഭ്യമാകും.ടാറ്റ ടീ ഗോൾഡ് വീറ്റകെയറിന്റെ അവതരണം ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുന്നതിനും അവരുടെ ക്ഷേമവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുന്നതിനുമുള്ള തങ്ങളുടെ പ്രതിബദ്ധത വീണ്ടും ഉറപ്പിക്കുന്നതാണെന്നും പുനീത് ദാസ് പറഞ്ഞു. രുചികരവും എല്ലാ ദിവസവും ഉപയോഗിക്കുന്നതുമായ പാനീയങ്ങളുടെ രൂപത്തിൽ സൗകര്യപ്രദമായി വിറ്റാമിനുകൾ ലഭ്യമാക്കുന്നതിന് ടാറ്റ ടീ പുതുമകൾ പ്രയോജനപ്പെടുത്തുകയാണ്. ഉപയോക്താക്കൾക്ക് എല്ലാ ദിവസവും ആവശ്യമായ വിറ്റാമിൻ ഡി, ബി12, ബി6, ബി9 എന്നിവയുടെ 30 ശതമാനവും 2 കപ്പ് ടാറ്റാ ടീ ഗോൾഡ് വിറ്റാകെയർ ചായയിൽ നിന്ന് ലഭിക്കും. ദിവസേന ചായ ആസ്വദിക്കുന്നതിനൊപ്പം തന്നെ വിറ്റാമിനുകൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള മികച്ച മാർഗമാണ് ടാറ്റ ടീ ഗോൾഡ് വിറ്റാകെയർ എന്നും ഉപഭോക്താക്കൾ ഈ ഉത്പന്നത്തെ ആവേശത്തോടെ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും പുനീത് ദാസ് പറഞ്ഞു.

ടാറ്റാ ടീ ഗോൾഡ് വിറ്റാകെയർ ജനറൽ ട്രേഡ്, മോഡേൺ ട്രേഡ് സ്റ്റോറുകളിലും ആമസോൺ പോലുള്ള പ്രമുഖ ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും ലഭ്യമാണ്. 100, 250, 500 ഗ്രാം പായ്ക്കുകളിൽ ലഭ്യമായ ടാറ്റാ ടീ ഗോൾഡ് വിറ്റാകെയറിന് നികുതികൾ ഉൾപ്പെടെ യഥാക്രമം 50, 180, 340 രൂപ എന്നിങ്ങനെയാണ് വില.




## വണ്ടർലയിൽ ശിശുദിനാഘോഷം; പ്രത്യേക ഓഫറുകൾ




**കൊച്ചി:** ശിശുദിനത്തോടനുബന്ധിച്ച് വണ്ടർലയിൽ പ്രത്യേക ഓഫറുകൾ. ശിശുദിനത്തിൽ മുതിർന്നവർക്കും കുട്ടികളുടെ ടിക്കറ്റ് നിരക്കിൽ പാർക്കിൽ പ്രവേശിക്കാനാകും. മുതിർന്നവരുടെ ടിക്കറ്റ് നിരക്കിൽ 20 % കിഴിവാണ് ലഭ്യമാവുക.

ടിക്കറ്റുകൾ വണ്ടർല ടിക്കറ്റിംഗ് പ്ലാറ്റ്ഫോം വഴി ഓൺലൈനായി ബുക്ക് ചെയ്യണം.കൂടാതെ 200 കുട്ടികൾക്ക് വണ്ടർലായിൽ പ്രത്യേക ആതിഥ്യം ഒരുക്കുന്നുണ്ട്. ഇവർക്ക് ശിശുദിനത്തിൽ സൗജന്യ പ്രവേശനവും ഭക്ഷണവും നൽകും. ഒപ്പം ആകർഷകമായ വിവിധ പരിപാടികളിലും മത്സരങ്ങളിലും പങ്കെടുക്കാനും അവസരമുണ്ടാകും.കുട്ടികളുടെ സന്തോഷവും നിഷ്കളങ്കതയും പരിപോഷിപ്പിക്കേണ്ടതിന്റെ പ്രാധാന്യം മുൻനിർത്തിയാണ് ശിശുദിന സമ്മാനമെന്നു വണ്ടർല ഹോളിഡേയ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അരുൺ കെ ചിറ്റിലപ്പിള്ളി പറഞ്ഞു. കുട്ടികൾക്ക് ആതിഥ്യമൊരുക്കുന്നതിലൂടെ സാമൂഹ്യമായ ഉത്തരവാദിത്വമാണ് നിറവേറ്റുന്നത്.

https://www.wonderla.com/ എന്ന ഓൺലൈൻ പോർട്ടൽ വഴി പാർക്ക് എൻട്രി ടിക്കറ്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 04843514001, 75938 53107 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

## പുതിയ ഹാർപ്പിക് ഒറിജിനൽ ഫ്രെഷ് പുറത്തിറക്കി




**കൊച്ചി**: മുൻനിര ടോയ്‌ലെറ്റ് ക്ളീനറായ ഹാർപ്പിക് പുതിയ ഫോർമുലേഷനിൽ പുറത്തിറക്കി. അഞ്ച് മിനിറ്റുകൊണ്ട് ടോയ്‌ലറ്റ് പൂർണ്ണമായും വൃത്തിയാക്കാൻ കഴിവുള്ളതാണ് പവർ പ്ലസ് റേഞ്ചിൽ വരുന്ന പുതിയ ഹാർപ്പിക് ഒറിജിനൽ ഫ്രെഷ് എന്ന് റെക്കിറ്റിന്റെ സൗത്ത് ഏഷ്യ ഹൈജീൻ റീജണൽ മാർക്കറ്റിംഗ് ഡയറക്ടർ സൗരഭ് ജയിൻ അഭിപ്രായപ്പെട്ടു.

നീണ്ടുനിൽക്കുന്ന സുഗന്ധവും പുതുമയും ടോയ്‌ലെറ്റിന് ഉറപ്പാക്കുന്ന ഹാർപ്പിക് ഒറിജിനൽ ഫ്രെഷ് സ്!പാർക്ലിംഗ് ലെമൺ, റിഫ്രെഷിംഗ് മറൈൻ, ജോയ്ഫുൾ ജാസ്മിൻ എന്നിങ്ങനെ മൂന്ന് സുഗന്ധങ്ങളിൽ ലഭ്യമാണ്. ദുർഗന്ധ നിയന്ത്രണ ടെക്നോളജി ഉപയോഗപ്പെടുത്തിയട്ടുണ്ടെന്നതും ഹാർപ്പിക് ഒറിജിനൽ ഫ്രെഷിന്റെ പ്രത്യേകതയാണ്. ഡിറ്റർജൻറിനേക്കാൾ പത്തിരട്ടി മികച്ച ക്ളീനിംഗ് നൽകുന്നതുമാണ് ഉൽപന്നം.

200 മില്ലി ലിറ്റർ, 500 മില്ലി ലിറ്റർ, 1ലിറ്റർ എന്നീ അളവുകളിൽ ഹാർപ്പിക് പവർ പ്ലസ് റേഞ്ചിനു യഥാക്രമം 44രൂപ, 99രൂപ , 215 രൂപ എന്നിങ്ങനെയാണ് വില.ഉപഭോക്താക്കളുടെ മാറുന്ന ആവശ്യങ്ങൾ തൃപ്തമാക്കുന്നതാണ് ഹാർപ്പിക് ഒറിജിനൽ ഫ്രെഷ് എന്നും സൗരഭ് ജയിൻ അഭിപ്രായപ്പെട്ടു. ടോയ്‌ലറ്റ് ക്ലീനിംഗ് ഏറ്റവും മികച്ചതാക്കാൻ പ്രതിബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു. ഏറ്റവും ജനപ്രീതിയാർജ്ജിച്ച ബ്രാൻഡാണ് ഹാർപ്പിക് എന്ന് ബ്രാൻഡ് അംബാസഡറായ ബോളിവുഡ് താരം അക്ഷയ് കുമാർ അഭിപ്രായപ്പെട്ടു.

## സൗജന്യ പ്രമേഹ രോഗ പരിശോധന ഇന്ന്

**കൊച്ചി:** ലോക പ്രമേഹദിനത്തോടനുബന്ധിച്ച് എറണാകുളം ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയിൽ ഇന്ന് (14.11.2023 ചൊവ്വ) സൗജന്യ പ്രമേഹ രോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നു. രാവിലെ ഒമ്പത് മുതൽ ഉച്ചയ്ക്ക് ഒരു മണി വരെയാണ് ക്യാമ്പ്. എച്ച്.ബി.എ.വൺ സി, ബ്ലഡ് ഷുഗർ, റെറ്റിനോപതി , ന്യൂറോപതി എന്നി പരിശോധനകൾ സൗജന്യമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 0484 4077400, 3512123, 7025350481.




## മുത്തൂറ്റ് ഫിനാൻസിന് ഫിക്കി പുരസ്കാരം

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസി ഫിക്കി കേരള സംസ്ഥാന കൗൺസിലിന്റെ പുരസ്കാരം.മെയ്ഡ് ഇൻ കേരളാ പുരസ്ക്കാരത്തിന്റെ രണ്ടാം പതിപ്പിലാണ് മുത്തൂറ്റ് ഫിനാൻസിന് അവാർഡിനായാ തിരഞ്ഞെടുത്തത് കൊച്ചിയിൽ നടന്ന ചടങ്ങിൽ മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ ജോർജ്ജ് മുത്തൂറ്റ് ജോർജ്ജ് പുരസ്ക്കാരം ഏറ്റുവാങ്ങി. മെഡികെയ്ഡ് എതോസ് കോ ചെയർ ആൻഡ് ഗ്രൂപ്പ് സിഇഒയുമായ വിങ് കമാൻഡർ രാഗശ്രീ നായർ (റിട്ട.), ഡോ. ശശി തരൂർ എംപി, ചലച്ചിത്ര താരങ്ങളായ സിദ്ധാർത്ഥ് സൂര്യനാരായണൻ, നിഖി ഗൽറാണി പിനിസേട്ടി തുടങ്ങിയവർ സംബന്ധിച്ചു.

## സർഗ്ഗസമീക്ഷയും പ്രതിഭാസംഗമവും

**കൊച്ചി:** അക്ഷയപുസ്തകനിധി ജൂബിലിയോടനുബന്ധിച്ച് അക്ഷയപുസ്തകനിധിയും ചാവറ കൾച്ചറൽ സെന്ററും ചേർന്നു സാഹിത്യം, സംഗീതം, ചിത്രകല, കാർട്ടൂൺ തുടങ്ങിയ മേഖലകളിൽ അഭിരുചിയുള്ള സ്കൂൾ വിദ്യാർത്ഥികൾക്കായി ഈ മാസം 25 ന് ഏകദിന സർഗ്ഗസമീക്ഷ ശിൽപശാലയും പ്രതിഭാസംഗമവും നടത്തും.

എറണാകുളം ചാവറ കൾച്ചറൽ സെന്ററിൽ നടക്കന്ന ശിൽപശാലയിൽസാഹിത്യകാരന്മാരും ചിത്രകാരന്മാരും സംഗീത പ്രതിഭകളും ക്ലാസ്സുകൾ നയിക്കും. കഥാരചന, കവിതാരചന, ചിത്രകല, കാർട്ടൂൺ, സംഗീതം, നാടൻപാട്ട്, പ്രസംഗം, പദ്യം ചൊല്ലൽ എന്നിവയിൽ മത്സരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അഞ്ചു മുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെയാണ് ക്യാമ്പിലേക്ക് ക്ഷണിക്കുന്നത്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 60 കകുട്ടികൾക്കായിരിക്കും പ്രവേശനം ലഭിക്കുക. കേരള സാഹിത്യ അക്കാദമി മുൻ സെക്രട്ടറി പായിപ്ര രാധാകൃഷ്ണൻ നേതൃത്വം നൽകും. പങ്കെടുക്കുന്നവർക്കെല്ലാം പുസ്തകപാരിതോഷികങ്ങളും സാക്ഷ്യപത്രവും സമ്മാനമായി നൽകും. രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെയായിരിക്കും പരിപാടികൾ സംഘടിപ്പിക്കുന്നതെന്ന് ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽഫിലിപ്പ് സി.എം.ഐ., അക്ഷയ പുസ്തകനിധി സെക്രട്ടറി ഡോ.ദേവ പ്രകാശ് എന്നിവർ അറിയിച്ചു.വിശദവിവരങ്ങൾക്ക് 94000 68680, 9495142011, 9447575156

## കൊച്ചി സഹോദയ സ്കൂൾ കോംപ്ലക്സ് സിബിഎസ് ഇ ഇന്റർ സ്കൂൾ അത്‌ലറ്റിക് മീറ്റ് 17 ന്

**കൊച്ചി:** കൊച്ചി സഹോദയ സ്കൂൾ കോംപ്ലക്സ് സംഘടിപ്പിക്കുന്ന ദ്വിദിന സി ബി എസ് ഇ ഇന്റർ സ്കൂൾ അത്‌ലറ്റിക് മീറ്റ് 17 ന് തുടങ്ങും. തൃപ്പൂണിത്തുറ ശ്രീനാരായണ വിദ്യാപീഠം പബ്ലിക് സ്കൂളിലാണ് മത്സരങ്ങൾ നടക്കുക. കൊച്ചിയിലെ പ്രഥമ സഹോദയ ആയ കൊച്ചി സഹോദയ കോംപ്ലക്സിൽ 60 സ്കൂളുകൾ ഉൾപ്പെടുന്നു. നൂറ് ഇനങ്ങളിലായി 50 സ്കൂളുകളെ പ്രതിനിധീകരിച്ച് 1500 ലേറെ വിദ്യാർഥികൾ പങ്കെടുക്കും. വിജയികൾക്ക് മെഡലുകളും സർട്ടിഫിക്കറ്റുകളും ലഭിക്കും. വ്യക്തിഗത ചാമ്പ്യന്മാർക്കും സ്കൂൾതലത്തിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്കും പ്രത്യേക ട്രോഫികൾ ലഭിക്കുമെന്ന് കൊച്ചി സഹോദയ കോംപ്ലക്സ് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കൊച്ചി സഹോദയ സ്കൂൾ കോംപ്ലക്സ് പ്രസിഡന്റും മഞ്ഞുമ്മൽ കസ്തൂർബാ സ്കൂൾ പ്രിൻസിപ്പാളുമായ അരവിന്ദ് ലക്ഷ്മൺ, സെക്രട്ടറിയും ശ്രീ ശ്രീ രവിശങ്കർ വിദ്യാമന്ദിർ പ്രിന്സിപ്പാളുമായ ജി.ജി രാജലക്ഷ്മി, ട്രഷററും കോലഞ്ചേരി സെന്റ്.പീറ്റേഴ്സ് പ്രിൻസിപ്പാളുമായ സോണിയ സൂസൻ വർക്കി, വൈസ് പ്രസിഡന്റും കാക്കനാട് ഭവൻസ് ആദർശ വിദ്യാലയ പ്രിൻസിപ്പാളുമായ കെ. സുരേഷ്, ജോയിന്റ് സെക്രട്ടറിയും എസ് ബി ഒ എ പ്രിൻസിപ്പാളുമായ ശ്രീകല കരുണാകരൻ, തൃപ്പൂണിത്തുറ ശ്രീനാരായണ വിദ്യാപീഠം പ്രിൻസിപ്പാൾ എം.ആർ രാഖി പ്രിൻസ് എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# ഡ്രൈവർമാർക്ക് ക്ഷേമ പദ്ധതികളുമായി ടാറ്റ മോട്ടോഴ്സ്

**കൊച്ചി:** വാണിജ്യ വാഹനങ്ങളിലെ ഡ്രൈവർമാരുടെ നൈപുണ്യവും സുരക്ഷയും ഉറപ്പാക്കുന്നതിനായി ടാറ്റ മോട്ടോഴ്സ് വിവിധ ക്ഷേമ പദ്ധതികൾക്ക് തുടക്കം കുറിച്ചു. രാജ്യത്തുടനീളം ഡ്രൈവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരുകളുമായി ടാറ്റ മോട്ടോഴ്സ് സഹകരിച്ച് പ്രവർത്തിക്കുന്നു. ലൈറ്റ് മോട്ടോർ വെഹിക്കിളുകൾ (എൽഎംവി) മുതൽ ഹെവിഡ്യൂട്ടി ട്രക്കുകൾ വരെയുള്ള വാഹനനിരയിൽ സൈദ്ധാന്തിക പരിജ്ഞാനവും പരിശീലനവും നൽകുന്നതിനാണ് ഇത്. കഴിഞ്ഞ പത്ത് വർഷത്തിനിടെ അഞ്ച് ലക്ഷത്തിലധികം പേർക്ക് ഇത്തരം കേന്ദ്രങ്ങളിൽ നിന്നും പരിശീലനം നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് ടാറ്റ മോട്ടോഴ്സ് ട്രക്സ് ബിസിനസ് ഹെഡ് രാജേഷ് കൗൾ പറഞ്ഞു. എല്ലാ കോണിൽ നിന്നും ഡ്രൈവർമാർക്കും അവരുടെ കുടുംബത്തിനും ആവശ്യമായ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ നിലവിൽ ടാറ്റ മോട്ടോഴ്സ് നടപ്പാക്കി വരുന്നു.ട്രക്ക് ഡ്രൈവർമാരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ടാറ്റ മോട്ടോഴ്സ് സ്വാസ്ഥ്യ സമർഥി പദ്ധതിയിലൂടെ, ഡ്രൈവർമാർക്ക് അവശ്യമായ മെഡിക്കൽ സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഡ്രൈവർമാരുടെ കുടുംബങ്ങളുടെ സംരക്ഷണത്തിനായി ഒരുക്കിയിരിക്കുന്ന പദ്ധതിയാണ് ശിക്ഷാ സമർഥ്. ഇതിൽ ഡ്രൈവർമാർക്കും അവരുടെ കുടുംബങ്ങൾക്കും അപ്രതീക്ഷിതമായി സംഭവിക്കുന്ന അപകടങ്ങളിൽ സംരക്ഷണം ഉറപ്പുവരുത്തുന്നു. പത്ത് ലക്ഷം രൂപ വരെയുള്ള ആനുകൂല്യങ്ങളാണ് സുരക്ഷിത് സമർഥിലൂടെ ലഭ്യമാകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

വിൽപ്പനാനന്തര സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനായി അവതരിപ്പിച്ച മറ്റൊരു പദ്ധതിയാണ് സമ്പൂർണ്ണ സേവ 2.0. ഇതിലൂടെ ഉപഭോക്താക്കൾക്കായി ഫ്ലീറ്റ് മാനേജ്മെന്റ് സൊല്യൂഷനുകൾ, വാർഷിക മെയിന്റനൻസ് കരാറുകൾ, ടാറ്റ അലേർട്ട് റോഡ്സൈഡ് അസിസ്റ്റൻസ് സർവീസ്, ഓൺസൈറ്റ് സർവീസിംഗ്, ടാറ്റ ഓകെ പ്രോഗ്രാമിൽ വാണിജ്യ വാഹനങ്ങൾക്കുള്ള പുനർവിൽപ്പന ഓപ്ഷനുകൾ എന്നിവ ലഭ്യമാകുന്നു.

ഡ്രൈവിംഗ് അനുഭവം മെച്ചപ്പെടുത്താൻ ടാറ്റ മോട്ടോർസ് അവതരിപ്പിച്ച മറ്റൊരു സേവനമാണ് ടാറ്റ ബന്ധു ആപ്പ്. ഒരു സമഗ്ര ഡിജിറ്റൽ ഉപകരണമായി രൂപകൽപ്പന ചെയ്തിരിക്കുന്ന ആപ്പ്, വാഹന ഉടമകളെയും ഡ്രൈവർമാരെയും ടാറ്റ ഗുരുസ് എന്ന് വിളിക്കുന്ന റോഡ് സൈഡ് അസിസ്റ്റൻസ് പ്രൊവൈഡർമാരുമായി ബന്ധിപ്പിക്കുന്നു. ഡ്രൈവർമാർക്ക് അടിയന്തിര സഹായത്തിനായി അടുത്തുള്ള ടാറ്റ മോട്ടോഴ്സ് സഹായ ദാതാവിനെ വേഗത്തിൽ കണ്ടെത്താനും ബന്ധപ്പെടാനും ഈ ആപ്പിലൂടെ സാധ്യമാകുന്നു. ഇത് പ്രവർത്തനരഹിതമായ സമയം കുറയ്ക്കുന്നതിനും ലാഭക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹായകമാകുന്നുവെന്നും രാജേഷ് കൗൾ പറഞ്ഞു




# സന്തോഷ് ട്രോഫി ചരിത്ര വിജയാഘോഷം: മേയേഴ്സ് കപ്പ് ലോഗോ പ്രകാശനം ചെയ്തു

**കൊച്ചി:** കേരളത്തിന്റെ കായിക ഭൂപടത്തിൽ ചരിത്രത്തിൽ ആദ്യമായി സന്തോഷ് ട്രോഫി നേടിയതിൻറെ സുവർണ്ണ ജൂബിലി ആഘോഷം കൊച്ചി നഗരസഭയുടെ നേതൃത്വത്തിൽ വിപുലമായി സംഘടിപ്പിക്കുന്നു. സന്തോഷ് ട്രോഫി കിരീടം നേടിയ 1973ലെ ടീം മുഴുവൻ അംഗങ്ങളെയും ചടങ്ങിൽ ആദരിക്കും.

ഇതിൻറെ ഭാഗമായി കൊച്ചി മേയേഴ്സ് കപ്പിനു വേണ്ടിയുള്ള ഫുട്ബോൾ ടൂർണ്ണമെൻറും നവംബർ 17 മുതൽ സംഘടിപ്പിക്കുന്നു. ഈ പരിപാടികളുടെ ലോഗോ പ്രകാശനം കലൂർ സെൻറ് അഗസ്റ്റിൻസ് സ്കൂൾ അങ്കണത്തിൽ വെച്ച് സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ ബാലഗോപാൽ നിർവഹിച്ചു.

ലോഗോ തയ്യാറാക്കിയത് കാക്കനാട് രാജഗിരി കോളേജ് ഓഫ് മാനേജ്മെൻറ് ആൻഡ് അപ്ലൈഡ് സയൻസിലെ വിദ്യാർത്ഥിയായ സ്റ്റിവ് ജോർജ് ആണ്.

മേയർ അഡ്വ.എം അനിൽകുമാർ, ഡെ.മേയർ കെ.എ ആൻസിയ, സ്ഥിരം സമിതി ചെയർമാൻമാരായ വി. എ. ശ്രീജിത്ത്, പി. ആർ റെനീഷ്, കൗൺസിലർമാരായ എം. ജി അരിസ്റ്റോട്ടിൽ, രജനി മണി, ലതിക ടീച്ചർ, ഹെൻറി ഓസ്റ്റിൻ, ജോർജ് നാനാട്ട്, മാലിനി കുറുപ്പ്, പ്രോഗ്രാം കോർഡിനേറ്റർ വിപി ചന്ദ്രൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



സുരക്ഷിതമായ രീതിയിൽ ബയോമെഡിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന ആരോഗ്യസംരക്ഷണ സ്ഥാപനങ്ങൾക്ക് ഐ.എം.എ ഇമേജ് ഏർപ്പെടുത്തിയ 50 കിടക്കകളിൽ കൂടുതലുള്ള ആശുപത്രി വിഭാഗത്തിനുള്ള പരിസ്ഥിതി മിത്ര പുരസ്കാരം കോട്ടയം,പാല മാർസ്ലീവ മെഡിസിറ്റി മാനേജിംഗ് ഡയറക്ടർ മോൺ.ഡോ. ജോസഫ് കണിയോടിക്കൽ ഐ.എം.എ പ്രസിഡന്റ് ഡോ. സുൾഫി നൂഹുവിൽ നിന്നും ഏറ്റു വാങ്ങുന്നു.



സുരക്ഷിതമായ രീതിയിൽ ബയോമെഡിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന ആരോഗ്യസംരക്ഷണ സ്ഥാപനങ്ങൾക്ക് ഐ.എം.എ ഇമേജ് ഏർപ്പെടുത്തിയ 50 കിടക്കകളിൽ കൂടുതലുള്ള ആശുപത്രി വിഭാഗത്തിനുള്ള പരിസ്ഥിതി മിത്ര പുരസ്കാരം പാലക്കാട് പി.കെ ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ഡയറക്ടർ ഡോ.ആർ.സി കൃഷ്ണകുമാർ ഐ.എം.എ പ്രസിഡന്റ് ഡോ.സുൾഫി നൂഹുവിൽ നിന്നും ഏറ്റു വാങ്ങുന്നു.

# ഐ.എം.എ ഇമേജ് പരിസ്ഥിതി മിത്ര പുരസ്കാരങ്ങൾ സമ്മാനിച്ചു

**കൊച്ചി :** സംസ്ഥാനത്ത് സുരക്ഷിതമായ രീതിയിൽ ബയോമെഡിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന ആരോഗ്യസംരക്ഷണ സ്ഥാപനങ്ങൾക്ക് ഐ.എം.എ നേതൃത്വത്തിലുള്ള ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ ഗോസ് ഇക്കോഫ്രണ്ട്‌ലി (ഇമേജ്) ഏർപ്പെടുത്തിയ പരിസ്ഥിതി മിത്ര പുരസ്കാരങ്ങൾ സമ്മാനിച്ചു.

50 കിടക്കകളിൽ കൂടുതലുള്ള ആശുപത്രി വിഭാഗത്തിൽ കോട്ടയം, പാല മാർസ്ലീവ മെഡിസിറ്റി ഒന്നാം സ്ഥാനം നേടിയപ്പോൾ പാലക്കാട് പി.കെ ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിനാണ് ഈ വിഭാഗത്തിൽ രണ്ടാം സ്ഥാനം. 50 കിടക്കകളിൽ താഴെയുള്ള ആശുപത്രി വിഭാഗത്തിൽ കാസർകോഡ് ചിറ്ററയ്ക്കൽ ഫാമിലി ഹെൽത്ത് സെന്റർ ഒന്നാം സ്ഥാനവും കൊല്ലം തൃക്കടവ് സി.എച്ച്.സി രണ്ടാം സ്ഥാനവും നേടി. ഒ.പി, ഡേ കെയർ ക്ലിനിക് വിഭാഗത്തിൽ തൃശൂർ ഗോസായിക്കുന്ന് യു.പി.എച്ച്.സി ഒന്നാം സ്ഥാനവും ആലപ്പുഴ മിസ്പാ മെഡികെയർ രണ്ടാം സ്ഥാനവും, ലബോറട്ടറി വിഭാഗത്തിൽ കോഴിക്കോട് അശ്വിനി ഡയഗ്നോസ്റ്റിക് സർവ്വീസ് ഒന്നാം സ്ഥാനവും, തിരുവനന്തപുരം ഗിരിജാസ് ലബോറട്ടറി രണ്ടാം സ്ഥാനവും, ദന്തൽ ക്ലിനിക്കൽ വിഭാഗത്തിൽ തിരുവനന്തപുരം എസ്.എൻ ദന്തൽ ക്ലിനിക് ഒന്നാം സ്ഥാനവും, കാസർകോഡ് സിറ്റി മെഡിക്കൽ സെന്റർ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവർക്കുള്ള പുരസ്കാരങ്ങൾ തിരുവല്ലയിൽ നടന്ന ഐ.എം.എ സംസ്ഥാന സമ്മേളനത്തിൽ വെച്ച് ഐ.എം.എ സംസ്ഥാന പ്രസിഡന്റ് ഡോ.സുൾഫി നൂഹു വിതരണം ചെയ്തു. സെക്രട്ടറി ഡോ. ജോസഫ് ബെനവൻ, ഐ.എം.എ ഇമേജ് ചെയർമാൻ ഡോ.എബ്രാഹം വർഗ്ഗീസ്,ഇമേജ് സെക്രട്ടറി ഡോ.കെ.പി ഷറഫുദ്ദീൻ തുടങ്ങിയവർ പങ്കെടുത്തു. സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനത്തിന് അർഹരായവർക്കും ജില്ലാ തലത്തിൽ ഒന്നാം സ്ഥാനത്തിനും അർഹരായ സ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ ഐ.എം.എ ഇമേജ് നടത്തന്ന സമ്മേളനത്തിൽ വിതരണം ചെയ്യുമെന്ന ഇമേജ് ചെയർമാൻ ഡോ.എബ്രാഹം വർഗ്ഗീസ്, സെക്രട്ടറി ഡോ. കെ.പി ഷഫുദ്ദീൻ എന്നിവർ പറഞ്ഞു.

## ശബരിമല മണ്ഡല മകരവിളക്ക് മഹോൽസവം : വിപുലമായ ഒരുക്കങ്ങളുമായി കെ എസ് ആർ ടി സി

**ശബരിമല:** മണ്ഡല മകരവിളക്ക് മഹോൽസവത്തോടനുബന്ധിച്ച് ബസുകളുടെ സർവീസ്, ടിക്കറ്റ് സംവിധാനം എന്നിവ സംബന്ധിച്ച വിവരങ്ങൾ കെ എസ് ആർ ടി സി പ്രസിദ്ധപ്പെടുത്തി. പമ്പയിൽ നിന്നും നിലയ്ക്കലിലേക്ക് ചെയിൻ സർവീസുകൾ ലഭ്യമായിരിക്കും . ഇവ ത്രിവേണി ജംക്ഷനിൽ നിന്നും മാത്രമാണ് സർവീസ് നടത്തുക . പമ്പ ബസ്സ് സ്റ്റേഷനിൽ നിന്നും ചെങ്ങന്നൂർ,തിരുവനന്തപുരം, എറണാകുളം,കുമിളി, കോട്ടയം,കമ്പം,തേനി,പഴനി,തെങ്കാശി തുടങ്ങിയ സ്ഥലങ്ങളിലേക്ക് ദീർഘദൂര സർവീസുകൾ മാത്രമായിരിക്കും ഉണ്ടായിരിക്കുക.

കൂടാതെ ഭക്തരുടെ ആവിശ്യപ്രകാരം വിവിധ സ്ഥലങ്ങളിലേക്ക് പ്രത്യേക ചാർട്ടേഡ് ബസ് സർവീസുകളും ഉണ്ടായിരിക്കും. ഗ്രൂപ്പ് ടിക്കറ്റ് സംവിധാനവും, ഓൺ ലൈൻ ടിക്കറ്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പമ്പ ത്രിവേണി,യു ടേൺ എന്നിവിടങ്ങളിൽ നിന്നും, പമ്പ ബസ്സ് സ്റ്റേഷനിലേക്ക് സൗജന്യ ബസ് സർവീസ് ആണ് ഭക്തർക്ക് ലഭിക്കുക.

നിലയ്ക്കൽ പാർക്കിങ്ങ് ഗ്രൗണ്ടുകൾ കേന്ദ്രീകരിച്ച്, നിലയ്ക്കൽ ബസ്സ് സ്റ്റേഷനിലേക്ക് 10 രൂപാ നിരക്കിൽ ബസ്സ് സർവീസ് ഉണ്ടായിരിക്കുന്നതാണ്. നിലയ്ക്കൽ നിന്നും പമ്പയിലേക്ക് ചെയിൻ സർവീസുകൾ സജ്ജീകരിക്കും . ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിനായി നിലയ്ക്കലിലെ ത്രിവേണി ജംക്ഷനിൽ നിന്നും നിലയ്ക്കൽ ബസ്സ് സ്റ്റേഷനിലേക്കുള്ള റോഡ് കെ എസ് ആർ ടി സി വാഹനങ്ങൾക്കായി മാത്രമായി പരിമിതപ്പെടുത്തും.

## കുടിശ്ശിക നിർമാർജ്ജന അദാലത്ത് നീട്ടി

**കൊച്ചി:** കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിന്നും പാറ്റേൺ/ സി.ബി.സി പദ്ധതിപ്രകാരം വായ്പയെടുത്ത് കുടിശ്ശിക വരുത്തിയിട്ടുള്ള എറണാകുളം ജില്ലയിലെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കുടിശ്ശിക തീർക്കുന്നതിനായി നിബന്ധനങ്ങൾക്ക് വിധേയമായി പലിശ, പിഴ പലിശ കിഴിവുകളോടെ ഒടുക്കാൻ നവംബർ 30 വരെ നീട്ടി.

കൂടുതൽ വിവരങ്ങൾക്ക് എറണാകുളം ജില്ലാ ഖാദി ഗ്രാമ വ്യവസായ കാര്യാലയം. ഫോൺ: 04844869083.

## പെരുവണ്ണാമൂഴിയിൽ വനംവകുപ്പ് ഡോർമെറ്ററി നിർമിക്കുന്നു

**പേരാമ്പ്ര:** പെരുവണ്ണാമൂഴി ചെമ്പനോട റോഡിൽ പാതയോര വനഭാഗത്ത് ഫോറസ്റ്റ് ഉദ്യോഗസ്ഥർക്കായി സുഖവാസ കേന്ദ്രത്തിൻറെ നിർമാണം തുടങ്ങുന്നു.

ഇതിനായി തേക്ക് ഉൾപ്പെടെ വൻ വൃക്ഷങ്ങൾ മുറിച്ചു. ഉദ്യോഗസ്ഥർക്കായി ആധുനിക സൗകര്യങ്ങളോടെ ഡോർമെറ്ററിയാണ് നിർമിക്കുന്നത്. എട്ട് മുറികളിലായി 40 ഓളം പേർക്ക് താമസിക്കാനുള്ള സംവിധാനമാണ് ഒരുക്കുന്നത്.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ആണ് പണി നടത്തുന്നത്. 90 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ്. നബാർഡിൻറെ ഫണ്ടാണ് ഇതിന് വകയിരുത്തിയിരിക്കുന്നത്. നിയമ നടപടികൾ പൂർത്തീകരിച്ചാണ് കെട്ടിട നിർമ്മാണം നടത്തുന്നതെന്ന് അധികൃതർ പറഞ്ഞു.



എന്നാൽ തേക്ക് ഉൾപ്പടെയുള്ള മരങ്ങൾ മുറിച്ചതിൽ പരിസ്ഥിതി വാദികൾ ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്.

## വീഡിയോ എഡിറ്റിങ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു

സർക്കാർ സ്വയംഭരണസ്ഥാപനമായ കേരള മീഡിയ അക്കാദമിയുടെ തിരുവനന്തപുരം സെന്ററിൽ അടുത്ത മാസം തുടങ്ങുന്ന വീഡിയോ എഡിറ്റിങ് സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ 6 മാസമാണ് കോഴ്സിന്റെ കാലാവധി. 30 പേർക്കാണ് പ്രവേശനം. നൂതന സോഫ്റ്റ്വെയറുകളിൽ പരിശീലനം നൽകും. കോഴ്സിന്റെ ഭാഗമായി പ്രായോഗിക പരിശീലനവും നൽകും. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 34,500/ രൂപയാണ് ഫീസ്. പട്ടികജാതി/പട്ടികവർഗ/ഒ.ഇ.സി വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കും. പ്ലസ് ടു വിദ്യാഭ്യാസയോഗ്യതയുള്ളവർക്ക് ശാസ്തമംഗലത്തുള്ള അക്കാദമി സെന്ററിൽ നേരിട്ടോ അപേക്ഷ സമർപ്പിക്കാം. അപേക്ഷാഫീസ് 300 രൂപ (പട്ടികജാതി, പട്ടികവർഗ, ഒ.ഇ.സി. വിഭാഗക്കാർക്ക് 150 രൂപ) ഇട്രാൻസ്ഫർ/ ബാങ്ക് മുഖേന അടച്ച രേഖയും, സർട്ടിഫിക്കറ്റുകളുടെ പകർപ്പും അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2023 നവംബർ 25. കൂടുതൽ വിവരങ്ങൾക്ക് ഫോൺ:0471 2726275, 6282692725

# കായികം പാഠ്യപദ്ധതിയുടെ ഭാഗമാക്കും: മന്ത്രി ബിന്ദു

**തിരുവനന്തപുരം:** മറ്റ് വിഷയങ്ങളെപ്പോലെ കായികവും പാഠ്യപദ്ധതിയുടെ ഭാഗമാക്കുമെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി ബിന്ദു. കേരള സർവകലാശാല സംഘടിപ്പിക്കുന്ന സൗത്ത് സോൺ ഇന്റർ യൂണിവേഴ്സിറ്റി പുരുഷ വിഭാഗം ബാസ്ക്കറ്റ് ബോൾ ടൂർണമെന്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേരളത്തിലെ ബിരുദ പ്രോഗ്രാമുകളുടെ പാഠ്യപദ്ധതിയിൽ 2010 മുതൽ ഫിസിക്കൽ എഡ്യൂക്കേഷൻ ഒരു കോഴ്സായി പഠിക്കാനുള്ള വ്യവസ്ഥയുണ്ട്. കൂടാതെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് പ്രവേശിക്കുന്ന എല്ലാ വിദ്യാർഥികൾക്കും ആരോഗ്യകരമായ ജീവിതത്തിന്റെ സന്ദേശം നൽകുന്ന ആരോഗ്യ വിദ്യാഭ്യാസത്തെ ഒരു അടിസ്ഥാന കോഴ്സായി ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥയും അവതരിപ്പിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

17 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് കേരള സർവകലാശാല സൗത്ത് സോൺ ഇന്റർ യൂണിവേഴ്സിറ്റി ബാസ്ക്കറ്റ് ബോൾ ടൂർണമെന്റ് സംഘടിപ്പിക്കുന്നത്. 2007ൽ തിരുവനന്തപുരത്ത് നടന്ന ദക്ഷിണ മേഖലാ ബാസ്ക്കറ്റ് ബോൾ ടൂർണമെന്റിലും 2009ൽ ചണ്ഡീഗഢിൽ നടന്ന അഖിലേന്ത്യാ അന്തർസർവകലാശാല ടൂർണമെന്റിലും കേരള യൂണിവേഴ്സിറ്റി ബാസ്ക്കറ്റ്ബോൾ ടീം റണ്ണറപ്പായിരുന്നു. കായിക താരങ്ങളെ വലിയ വേദികളിലെ പ്രകടനത്തിന് സജ്ജമാക്കുന്നതിൽ കേരളത്തിലെ യൂണിവേഴ്സിറ്റി ടീമുകൾ നിർണായക പങ്ക് വഹിച്ചിട്ടുണ്ടെന്നും മന്ത്രി ചൂണ്ടിക്കാട്ടി. കായികരംഗത്തെ ഇടപെടലുകളിൽ കേരള സർവകലാശാലയ്ക്ക് അസാധാരണമായ റെക്കോർഡാണുള്ളത്. 2022ൽ കേരള സർവ്വകലാശാലയെ പ്രതിനിധീകരിച്ച സച്ചിൻ മാത്യു (കെഎസ്ഇബി), അശ്വിൻ സേവ്യർ (കെഎസ്ഇബി), ശ്രീകല ആർ (കെഎസ്ഇബി) തുടങ്ങിയ രാജ്യാന്തര ബാസ്കറ്റ്ബോൾ കളിക്കാരെ സൃഷ്ടിക്കുന്നതിൽ സർവകലാശാല പ്രധാന പങ്കുവഹിച്ചിട്ടുണ്ടെന്നും മന്ത്രി ചൂണ്ടിക്കാട്ടി. അക്കാദമിക് വിദഗ്ധരോടൊപ്പം കായികരംഗത്തും മികവ് പുലർത്താനുള്ള സർവകലാശാലയുടെ ശ്രമങ്ങൾക്ക് ഈ ടൂർണമെന്റ് ഊർജ്ജം പകരുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കായിക മേഖലയ്ക്ക് സർക്കാർ ഗൗരവമായ ശ്രദ്ധ നൽകുന്നതിനു തെളിവാണ് കായിക അടിസ്ഥാന സൗകര്യ വികസനത്തിൽ നടത്തുന്ന നിക്ഷേപങ്ങൾ. കായിക മന്ത്രാലയത്തിനു കീഴിലുള്ള സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടെ, സർവകലാശാലകളിലും കോളജുകളിലും കേരളം കായിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുകയാണ്. ടീം ഇവന്റുകൾ, ഗെയിമുകൾ, അത്‌ലറ്റിക്സ് എന്നിവ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നു കൂടുതൽ ശ്രദ്ധ നേടേണ്ടതുണ്ട്. ഇതിലൂടെ ഇന്ത്യയുടെ ത്രിവർണ പതാക ലോകമെമ്പാടുമുള്ള വേദികളിൽ എത്തിക്കാൻ കഴിയുന്ന മികച്ച കായിക താരങ്ങളെ സൃഷ്ടിക്കേണ്ടതുണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

## തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷിക്കാം

**തിരുവനന്തപുരം:** കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് ആൻഡ് ട്രെയിനിങ്ങിന്റെ ആഭിമുഖ്യത്തിൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ് വെയർ ആൻഡ് നെറ്റ്‌വർക്കിംഗ്, ഡിപ്ലോമ ഇൻ മൾട്ടിമീഡിയ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പട്ടികജാതി/ പട്ടിക വർഗ/ മറ്റർഹ വിദ്യാർഥികൾക്ക് ഫീസ് സൗജന്യമായിരിക്കും. ഈ കോഴ്സ് കാലയളവിൽ സ്റ്റൈപ്പന്റും ലഭിക്കും. ഒ.ബി.സി/ എസ്.ഇ.ബി.സി/ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിക്കു വിധേയമായി ഫീസ് ഇളവ് ലഭിക്കും.

വിശദ വിവരങ്ങൾക്ക്: 04712474720, 04712467728. വെബ്സൈറ്റ്: www.captkerala.com. അപേക്ഷ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ (വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം) കോപ്പികൾ സഹിതം നവംബർ 18 ന് മുൻപ് ലഭ്യമാക്കണം

## ക്യാമ്പ് സംഘടിപ്പിച്ചു

**തൃശൂർ:** ദേശീയ ആയുർവേദ ദിനാഘോഷത്തിന്റെ ഭാഗമായി മണലൂർ ഗ്രാമത്തിലെ ഹരിത സേനാംഗങ്ങൾക്ക് ആയുർവേദ സുരക്ഷ ക്യാമ്പ് സംഘടിപ്പിച്ചു. നവകേരള നിർമ്മിതിക്കായി പ്രവർത്തിക്കുന്ന ഹരിത കർമ്മ സേനാംഗങ്ങൾക്ക് സുരക്ഷ കിറ്റുകൾ നൽകി. രക്തം, പ്രമേഹം, പ്രഷർ തുടങ്ങിയവയുടെ പരിശോധ, ഡോക്ടർ കൺസൾട്ടേഷൻ തുടങ്ങിയ സേവനങ്ങളോടെ മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. മണലൂർ ഗ്രാമപഞ്ചായത്തിന്റെയും കണ്ടശ്ശാംകടവ് ഗവ. ആയുർവേദ ഡിസ്പെൻസറിയുടെയും സംയുക്താഭിമുഖ്യത്തിൽ ഒരുക്കിയ സുരക്ഷാ ക്യാമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൈമൺ തെക്കത്ത് ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ വൈസ് പ്രസിഡന്റ് ബീന സേവ്യർ അധ്യക്ഷത വഹിച്ചു. മെഡിക്കൽ ഓഫീസർ ഡോ. കെ. ഷാബു പദ്ധതി വിശദീകരിച്ചു.

# ആഹാ... കൊച്ചി... അത്ഭുതങ്ങളുടെ പൂക്കാലം വരവായി
## 40ാമത് കൊച്ചിൻ ഫ്ളവർ ഷോ ഡിസംബർ 22 മുതൽ

**കൊച്ചി:** എറണാകുളം ജില്ല അഗ്രി ഹോർട്ടികൾച്ചർ സൊസൈറ്റിയും ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെന്റ് അതോറിറ്റിയും സംയുക്തമായി സംഘടിപ്പിക്കുന്ന 40ാമത് കൊച്ചിൻ ഫ്ളവർ ഷോ എറണാകുളം മറൈൻ ഡ്രൈവിൽ ഡിസംബർ 22 മുതൽ 2024 ജനുവരി 1 വരെ. കൊച്ചിൻ ഫ്ളവർ ഷോ സ്വാഗത സംഘം ഓഫീസ് ജില്ലാ കളക്ടറും എറണാകുളം ജില്ല അഗ്രി ഹോർട്ടികൾച്ചർ സൊസൈറ്റി ചെയർമാനുമായ എൻ.എസ്.കെ ഉമേഷ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻ പിള്ള അധ്യക്ഷത വഹിച്ചു. എറണാകുളം ജില്ല അഗ്രി ഹോർട്ടികൾച്ചർ സൊസൈറ്റി വൈസ് ചെയർമാൻ വി കെ കൃഷ്ണൻ ആമുഖപ്രസംഗം നടത്തി. 40 വർഷങ്ങളായി കൊച്ചി ഫ്ളവർ ഷോയുടെ സംഘാടകനും ലാൻഡ്സ്കെപ്പറുമായ പ്രൊഫ. വി ഐ ജോർജ് സന്നിഹിതനായി.

പൂക്കളുടെ അത്ഭുതലോകം കുറച്ച് ദിവസങ്ങൾക്കപ്പുറം പൊതുജനങ്ങൾക്ക് ആസ്വദിക്കാനാകും. കൊച്ചി നാളിതുവരെ കാണാത്ത വ്യത്യസ്ത തരം പൂക്കൾ കൊണ്ടും പൂക്കളുടെ വൈവിധ്യമാർന്ന നിറസുഗന്ധ ബാഹുല്യം കൊണ്ടും അവിസ്മരണീയത തീർക്കുന്ന വർണ പ്രപഞ്ചമാണ് മറൈൻ ഡ്രൈവിന്റെ മണ്ണിൽ ഒരുങ്ങുന്നത്. കൊച്ചിയുടെ ചരിത്രത്തിലെ ഏറ്റവും വിപുലമായ ഫ്ളവർ ഷോ ആയിരിക്കും ഇത്.

5000 നുമേൽ ഓർക്കിഡുകൾ, 1000 അഡീനിയം, ഗ്രാഫ്റ്റ് ചെയ്ത പല വർണ്ണത്തിലുള്ള മൂൺ ക്യാക്ടസ്, ആകർഷകമായ ഡിസൈനുകളിൽ ക്രമീകരിച്ച 30000 വാർഷിക പൂച്ചെടികൾ, 6000 ചതു.അടിയിൽ തയ്യാറാക്കിയ പുഷ്പാലങ്കാരം, 10 അടി വലുപ്പത്തിലുള്ള വെജിറ്റബിൾ കാർവിങ്, പല തരം പ്രാണിപിടിയൻ ചെടികൾ, റോസാ ചെടികൾ, മിനി ആന്തൂറിയം, മാതൃക പൂന്തോട്ടം, ടോപിയറി മരങ്ങൾ കൊണ്ടുള്ള ഉദ്യാനം, വിദേശി പഴച്ചെടികളുടെ ഉദ്യാനം എന്നിങ്ങനെ വിപുലവും കൂടുതൽ ആകർഷകവുമായിരിക്കും ഈ വർഷത്തെ കൊച്ചിൻ ഫ്ളവർ ഷോ. ഉദ്യാന ചെടികളുടെ വിപണനത്തിനായി കേരളത്തിന് പുറത്തുനിന്നും ഉള്ള നഴ്സറികൾ ഉൾപ്പടെ നഴ്സറികളുടെ നീണ്ട നിരയുണ്ട്. സന്ദർശകരുടെ ഉദ്യാന സംബന്ധിയായ സംശയനിവാരണത്തിനായി സംസ്ഥാന കൃഷിവകുപ്പിന്റെ അഗ്രി ക്ലിനിക് ഷോഗ്രൗണ്ടിൽ പ്രവർത്തിക്കും. കൊച്ചിൻ ഷിപ്പ് യാർഡ്, കൊക്കോനട്ട് ഡെവലൊപ്മെന്റ് ബോർഡ്, കയർ ബോർഡ്, എം. പി.ഇ.ഡി.എ, സ്പൈസ് ബോർഡ് തുടങ്ങി വിവിധ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളും മേളയുടെ ഭാഗമാകുന്നു.

ജിസിഡിഎ സെക്രട്ടറി ടി.എൻ രാജേഷ് ചടങ്ങിൽ സ്വാഗതം പറഞ്ഞു. ജിസിഡിഎ സീനിയർ ടൗൺ പ്ലാനർ എം.എം ഷീബ, ടൗൺ പ്ലാനർ എസ്.സുഭാഷ്, അഗ്രി ഹോർട്ടികൾച്ചർ സൊസൈറ്റി സെക്രട്ടറി ടി.എൻ സുരേഷ്, ജോയിന്റ് സെക്രട്ടറി എൻ.കെ ശശികല, ട്രഷറർ ഏർണി ഇ പോൾ, ജിസിഡിഎ ഉദ്യോഗസ്ഥർ, സൊസൈറ്റി ഭാരവാഹികൾ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

# ചൂർണിക്കര ഗ്രാമപഞ്ചായത്തിൽ ശുചിത്വോത്സവത്തിന് തുടക്കമായി

**കൊച്ചി:** മാലിന്യമുക്ത നവകേരളം ക്യാമ്പയിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിൽ ശുചിത്വോത്സവം സംഘടിപ്പിച്ചു. ഓരോ വിദ്യാലയവും ഹരിത വിദ്യാലയമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ തായ്ക്കാട്ടുകര എസ് പി ഡബ്ലിയു എൽ.പി. സ്കൂളിൽ സംഘടിപ്പിച്ച ശുചിത്വോത്സവം പഞ്ചായത്ത് പ്രസിഡന്റ് രാജി സന്തോഷ് ഉദ്ഘാടനം ചെയ്തു.

ഹരിതകേരളം മിഷൻ, ജില്ലാ വിദ്യാഭ്യാസ വകുപ്പ്, ശുചിത്വ മിഷൻ, കുടുംബശ്രീ, തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള ഖരമാലിന്യ സംസ്കരണ പദ്ധതി, കില എന്നിവരുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന ഹരിത സമൃദ്ധം ഹരിത വിദ്യാലത്തിലേക്കൊരു ഹരിത ചുവട് പദ്ധതിയുടെ ഭാഗമായാണ് ശുചിത്വോത്സവം സംഘടിപ്പിക്കുന്നത്. ഓരോ വിദ്യാലയവും ഹരിത വിദ്യാലയമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ജില്ലയിലെ സ്കൂളുകളിൽ പദ്ധതി നടപ്പാക്കുന്നത്.

മാലിന്യങ്ങൾ പ്രകൃതിയിൽ ഉണ്ടാക്കുന്ന ദോഷങ്ങൾ, വീടുകളിൽ നിന്ന് ഖരമാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്ക് നൽകേണ്ടതിന്റെ ആവശ്യകത, പ്ലാസ്റ്റിക് പോലുള്ള വസ്തുക്കൾ കത്തിക്കുന്നതുമൂലം ഉണ്ടാകുന്ന രോഗങ്ങൾ എന്നിവയെ കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കി. ചടങ്ങിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബാബു പുത്തനങ്ങാടി അധ്യക്ഷത വഹിച്ചു.

സ്ഥിരം സമിതി അധ്യക്ഷരായ മുഹമ്മദ് ഷെഫീക്, ഷീലാ ജോസ് ,റൂബി ജിജി, പഞ്ചായത്ത് അംഗങ്ങളായ ലൈലാ അബ്ദുൾ ഖാദർ, പി.എ സ്.യുസഫ്, സബിതാ സുബൈർ, ലീന ജയൻ, ജില്ലാ ഹരിതമിഷൻ പ്രതിനിധി അനിൽകുമാർ ,ഹെൽത്ത് ഇൻസ്പെക്ടർ ജിൻഷാ വിജയൻ, ടി.എസ് ദീപു, കെ.എ.അനീന , പി.എൽ ഹസ്നാദ്, എൻ.എസ്.എസ്.കോഡിനേറ്റർ, അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.

## മത്സ്യമേഖലയിലെ കുടുംബങ്ങൾക്കായി മെഡിക്കൽ ക്യാമ്പ് 19ന്

**കൊച്ചി:** മത്സ്യബന്ധന അനുബന്ധ തൊഴിലാളി കുടുംബങ്ങളുടെ ആരോഗ്യ പരിപാലനം ലക്ഷ്യമിട്ട് നടത്തുന്ന പ്രതിവർഷ ആരോഗ്യ ക്യാമ്പ് നവംബർ 19നു ഞാറക്കൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ രാവിലെ എട്ടുമുതൽ ഉച്ചയ്ക്ക് രണ്ടുവരെ നടത്തുമെന്ന് കെ.എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ അറിയിച്ചു. ജനറൽ മെഡിസിൻ, ജനറൽ സർജറി, ശിശുരോഗം, ഗൈനക്കോളജി, നേത്രരോഗം, ദന്ത രോഗം എന്നീ വിഭാഗങ്ങളിൽ സേവനം ലഭ്യമാകും. ഫിഷറീസ് വകുപ്പ് തീരോന്നതി പദ്ധതിയിൽ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെയാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്.ക്യാമ്പിൽ പങ്കെടുക്കാൻ മുൻകൂർ രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ഫോമുകൾ വീടുകളിലെത്തിക്കാൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ, സാഗർമിത്രകൾ, ആശാവർക്കർമാർ, മറ്റു വോളന്റിയർമാർ എന്നിവരും മത്സ്യഭവനുകൾ, പഞ്ചായത്തുകൾ എന്നിവയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. വെയിലും മഴയും മാറിമാറിവരുന്നതിനാൽ പകർച്ചവ്യാധി സാധ്യത കൂടിയ സാഹചര്യം കണക്കിലെടുത്ത് എല്ലാവരും മെഡിക്കൽ ക്യാമ്പ് കഴിയുന്നത്ര പ്രയോജനപ്പെടുത്തണമെന്ന് കെ.എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ പറഞ്ഞു.ആയിരത്തോളം പേർ പങ്കെടുത്ത കഴിഞ്ഞ വർഷത്തെ ക്യാമ്പിനെ തുടർന്ന് ആവശ്യമായി വന്ന നൂറോളം പേർക്ക് തുടർ ചികിത്സ ലഭ്യമാക്കുകയുണ്ടായി. ഇത്തവണത്തെ മെഡിക്കൽ ക്യാമ്പ് സംബന്ധിച്ച ആലോചന വിലയിരുത്തൽ യോഗം കെ.എൻ ഉണ്ണിക്കൃഷ്ണന്റെ നേതൃത്വത്തിൽ ഞാറക്കൽ ഗ്രാമ പഞ്ചായത്ത് ഹാളിൽ ചേർന്നു.

## ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ഏലൂർ

**ഏലൂർ:** നഗരസഭയിൽ ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ബയോ കമ്പോസ്റ്റ് ബിന്നുകൾ വിതരണം ചെയ്തു. ഒരു കോടി 21 ലക്ഷം രൂപ ഫണ്ട് വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതിയുടെ ആദ്യഘട്ടമായി 2500 ബിന്നുകളാണ് 90 ശതമാനം സബ്സിഡിയിൽ ആവശ്യക്കാർക്ക് നൽകുന്നത്. അതിൽ 600 എണ്ണം ഇതുവരെ വിതരണം ചെയ്തു. ബാക്കി ബിന്നുകൾലഭ്യമാകുന്നതനനുസരിച്ച് ഉപഭോക്തൃ വിഹിതം നൽകിയവർക്ക് വരും ദിവസങ്ങളിൽ വിതരണം ചെയ്യും. പദ്ധതിയുടെ രണ്ടാം ഘട്ടമായി 60,00 ബിന്നുകൾ വിതരണം ചെയ്യുമെന്ന് നഗരസഭാ ചെയർമാൻ എ.ഡി സുജിൽ അറിയിച്ചു. ബിന്നിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് വിതരണക്കാരായ റെയ്ഡ്കോ കമ്പനി ഗുണഭോക്താക്കൾക്ക് വേണ്ട നിർദേശങ്ങൾ നൽകുന്നുണ്ട്.




# ശേഷം മൈക്കിൽ ഫാത്തിമ

കല്യാണി പ്രിയദർശൻ ഫാത്തിമ എന്ന കേന്ദ്രകഥാപാത്രത്തിലെത്തുന്ന കളർഫുൾ ഫാമിലി എന്റെർറ്റൈനെർ ചിത്രം ശേഷം മൈക്കിൽ ഫാത്തിമ യുടെ ട്രയ്ലർ റിലീസായി. നവംബർ 17 നാണ് ചിത്രം തിയേറ്ററുകളിലേക്കെത്തുന്നത്. മനു സി കുമാർ സംവിധാനം ചെയ്ത ചിത്രത്തിൽ അനിരുദ്ധ് രവിചന്ദർ ആലപിച്ച ഗാനവും ചിത്രത്തിന്റെ ടീസറും പ്രേക്ഷകർക്കിടയിൽ തരംഗമായി മാറിയിരുന്നു.ഫുട്ബാൾ കമന്റേറ്ററായി കല്യാണി അഭിനയിക്കുന്ന ചിത്രത്തിൽ മലപ്പുറം ഭാഷ സംസാരിച്ച് കസറിയ കല്യാണിയുടെ കരിയറിലെ ഏറെ പ്രത്യേകതകൾ നിറഞ്ഞ പുതുമയുള്ള ചിത്രമാണിത്. വിജയ് ചിത്രം ലിയോ, ജവാൻ, ജയ്ലർ എന്നീ ചിത്രങ്ങളുടെ ബോക്സ് ഓഫീസ് വിജയത്തിന് ശേഷം ഗോകുലം മൂവീസ് ആഗോള തലത്തിൽ റിലീസ് ചെയ്യുന്ന മലയാള ചിത്രമായിരിക്കും ശേഷം മൈക്കിൽ ഫാത്തിമ.കേരളത്തിൽ ഗോകുലം മൂവീസിന്റെ ഡിസ്ട്രിബൂഷൻ പാർട്ട്നേഴ്സ് ആയ ഡ്രീം ബിഗ് ഫിലിംസാണ് വിതരണം നിർവഹിക്കുന്നത്. കല്യാണി പ്രിയദർശനോടൊപ്പം സുധീഷ്, ഫെമിന, സാബുമോൻ, ഷഹീൻ സിദ്ധിഖ്, ഷാജു ശ്രീധർ, മാല പാർവതി, അനീഷ് ജി മേനോൻ, സരസ ബാലുശ്ശേരി,പ്രിയാ ശ്രീജിത്ത് ,ബാലതാരങ്ങളായ തെന്നൽ, വാസുദേവ് തുടങ്ങിയവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ദി റൂട്ട് , പാഷൻ സ്റ്റുഡിയോസ് എന്നിവയുടെ ബാനറിൽ ജഗദീഷ് പളനിസ്വാമിയും സുധൻ സുന്ദരവും ചേർന്നാണ് ചിത്രം നിർമിക്കുന്നത്. ചിത്രത്തിന്റെ എക്സിക്കുട്ടീവ് പ്രൊഡ്യൂസർ : രഞ്ജിത് നായർ, ഛായാഗ്രഹണം : സന്താന കൃഷ്ണൻ രവിചന്ദ്രൻ, സംഗീത സംവിധാനം: ഹിഷാം അബ്ദുൽ വഹാബ് ,എഡിറ്റർ : കിരൺ ദാസ്, ആർട്ട് : നിമേഷ് താനൂർ,കോസ്റ്റ്യൂം : ധന്യാ ബാലകൃഷ്ണൻ, മേക്ക് അപ്പ് റോണെക്സ് സേവിയർ, ചീഫ് അസ്സോസിയേറ്റ് : സുകു ദാമോദർ, പബ്ലിസിറ്റി : യെല്ലോ ടൂത്ത്സ്, പ്രൊഡക്ഷൻ കൺട്രോളർ : റിച്ചാർഡ്, ക്രിയേറ്റിവ് പ്രൊഡ്യൂസർ : ഐശ്വര്യ സുരേഷ്, പി ആർ ഒ : പ്രതീഷ് ശേഖർ.

# ദി ഫേയ്സ് ഓഫ് ഫെയ്സ്ലെസ് ശിൽപ്പികൾക്ക് ആദരവ്

സിസ്റ്റർ റാണി മരിയയുടെ ജീവിതം പ്രമേയമാക്കിയ ദി ഫേയ്സ് ഓഫ് ഫെയ്സ്ലെസ് എന്ന സിനിമയിലെ അഭിനേതാക്കളെയും അണിയറപ്രവത്തകരെയും ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ആദരിച്ചു .എറണാകുളം കാക്കനാട് മൗണ്ട് സെന്റ് തോമസ്സ് ഹാളിൽ നടന്ന ചടങ്ങിൽക്യൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരക്കൽ , മീഡിയ കമ്മീഷൻ സെക്രട്ടറി ഡോക്ടർ ആന്റണി വടക്കേക്കര, നടൻ സിജോയ് വർഗീസ്, നടി വിൻ സി, സംവിധായകൻ ഷൈസൺ പി ഔസേപ്പ് , നിർമാതാവ് സാന്ദ്ര ഡിസൂസ റാണ . ഗാനരചയിതാവ് കൈതപ്രം ദാമോദരൻ നമ്പൂതിരി,എക്സിക്യൂട്ടിവ് പ്രൊഡ്യൂസർ രഞ്ജൻ എബ്രഹാം തുടങ്ങിയവർക്കൊപ്പം ചിത്രത്തിലെ മറ്റു താരങ്ങളും അണിയറശില്പികളും പങ്കെടുത്തു.



ഇരുപത്തിയൊന്നാം വയസ്സിൽ ഉത്തർപ്രദേശിലെത്തി ഒരു പ്രദേശത്തെ പീഡിത ജനതയ്ക്കായി ജീവിതം ഹോമിച്ച് വാഴ്ത്തപ്പെട്ട സിസ്റ്റർ റാണിമരിയ യുടെ ത്യാഗോജ്ജ്വലമായ ജീവിതം പശ്ചാത്തലമാക്കി മലയാളം,ഹിന്ദി, സ്പാനിഷ് ഭാഷകളിൽ ഷൈസൺ പി ഔസേപ്പ് സംവിധാനം ചെയ്യുന്ന ചിത്രമാണ് ദി ഫേയ്സ് ഓഫ് ദി ഫേയ്സ്ലെസ്സ് (മുഖമില്ലാത്തവരുടെ മുഖം). വിൻ സി അലോഷ്യസ് റാണിമരിയയായി അഭിനയിക്കുന്നു.ജീത്ത് മത്താറു(പഞ്ചാബ്)സോനലി മൊഹന്തി(ഒറീസ്സ)പൂനം(മഹാരാഷ്ട്ര)സ്നേഹലത(നാഗ്പൂർ) പ്രേംനാഥ് (ഉത്തർപ്രദേശ്) അജീഷ് ജോസ്,ഫാദർ സ്റ്റാൻലി, അഞ്ജലി സത്യനാഥ്, സ്വപ്ന,ദിവ്യ,മനോഹരിയമ്മ തുടങ്ങിയവരാണ് ഈ ചിത്രത്തിലെ പ്രമുഖ താരങ്ങൾ.ട്രൈ ലൈറ്റ് ക്രിയേഷൻസിന്റെ ബാനറിൽ സാന്ദ്ര ഡിസൂസ റാണ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണംമഹേഷ് ആനി നിർവ്വഹിക്കുന്നു.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർരഞ്ജൻ എബ്രഹാം,തിരക്കഥ,സംഭാഷണം ജയപാൽ അനന്തൻ എഴുതുന്നു. കൈതപ്രം ദാമോദരൻ നമ്പൂതിരിയുടെ വരികൾക്ക് അൽഫോൺസ് ജോസഫ് സംഗീതം പകരുന്നു.പ്രൊഡക്ഷൻ കൺട്രോളർഷാഫി ചെമ്മാട്,പ്രൊഡക്ഷൻ ഡിസൈനർനിമേഷ് താനൂർ, വസ്ത്രാലങ്കാരം ശരണ്യ ജീബു, മേക്കപ്പ്റോണി വെള്ളതൂവൽ,ചീഫ് അസോസിയേറ്റ് ഡയറക്ടർഉമേഷ് എസ് നായർ,സ്റ്റിൽസ് ഗിരി ശങ്കർ,എഡിറ്റിംഗ്രഞ്ജൻ എബ്രഹാം,പബ്ലിസിറ്റി ഡിസൈൻജയറാം രാമചന്ദ്രൻ.പതിനാറ് സംഥാനങ്ങളിൽ നിന്ന് നൂറ്റിയമ്പതിലധികം കലാകാരൻമാർ അണിനിരക്കുന്ന ബോളിവുഡ് ദി ഫേയ്സ് ഓഫ് ഫെയ്സ്ലെസ് ഇതിനകം മുപ്പതോളം രാജ്യാന്തര പുരസ്കാരങ്ങൾ നേടി . നവംബർ പതിനേഴിന് ചിത്രം കേരളത്തിലെ തീയേറ്ററുകളിൽ എത്തും .പി ആർ ഒഎ എസ് ദിനേശ് .

# നൊണ




ഇന്ദ്രൻസിനെ പ്രധാന കഥാപാത്രമാക്കി മിസ്റ്റിക്കൽ റോസ് പ്രോഡക്ഷൻസിന്റെ ബാനറിൽ പ്രവാസിയായ ജേക്കബ് ഉതുപ്പ് നിർമ്മിച്ച് രാജേഷ് ഇരുളം സംവിധാനം ചെയ്യുന്ന നൊണ എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ, റിലീസായി.ഗോഡ് വിൻ,ബിജു ജയാനന്ദൻ,സതീഷ് കെ കുന്നത്ത്,പ്രമോദ് വെളിയനാട്,ശ്രീജിത്ത് രവി,ജയൻ തിരുമന,ശിശിര സെബാസ്റ്റ്യൻ,സുധ ബാബു,പ്രേമ വണ്ടൂർ തുടങ്ങിയവരാണ് മറ്റു നടീനടന്മാർ.രചന ഹേമന്ത് കുമാർ, ( അപ്പോത്തിക്കരി, കൊത്ത് )ഛായാഗ്രഹണംപോൾ ബത്തേരി,ഗാനരചനസിബി അമ്പലപ്പുറം,സംഗീതംറെജി ഗോപിനാഥ്,ബിജിഎംഅനിൽ മാള,കലസുരേഷ് പുൽപ്പള്ളി,സുനിൽ മേച്ചേന,മേക്കപ്പ്ജിജു കൊടുങ്ങല്ലൂർ,വസ്ത്രാലങ്കാരംവക്കം മഹീൻ,പ്രൊഡക്ഷൻ കൺട്രോളർസന്തോഷ് കുട്ടീസ്,ചീഫ് അസോസിയേറ്റ് ഡയറക്ടർഎം രമേശ് കുമാർ,സൗണ്ട്ഡിസൈൻഗണേഷ് മാരാർ,സ്റ്റിൽസ്നൗഷാദ് ഹോളിവുഡ്,പി ആർ ഒഎ എസ് ദിനേശ്.




# കഥ ഇന്നുവരെ പൂർത്തിയായി

ബിജു മേനോൻ, മേതിൽ ദേവിക എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി മേപ്പടിയാൻ എന്ന ചിത്രത്തിന് ശേഷം ദേശീയ അവാർഡ് ജേതാവ് കൂടിയായ വിഷ്ണു മോഹൻ കഥയെഴുതി സംവിധാനം ചെയ്യുന്ന രണ്ടാമത്തെ ചിത്രമായ കഥ ഇന്നുവരെ യുടെ ചിത്രീകരണം പൂർത്തിയായി.

അനു മോഹൻ, നിഖില വിമൽ, ഹക്കീം ഷാജഹാൻ, അനുശ്രീ, സിദ്ധിഖ്, രഞ്ജി പണിക്കർ, കോട്ടയം രമേഷ്, അപ്പുണ്ണി ശശി, കൃഷ്ണ പ്രസാദ്, തുടങ്ങിയവരാണ് മറ്റ് പ്രമുഖ താരങ്ങൾ.ആലപ്പുഴ, കുമളി, തിരുവനന്തപുരം, പാലക്കാട് എന്നിവിടങ്ങളിലായി ചിത്രീകരിച്ച ചിത്രത്തിൽ ബിജു മേനോന്റെ നായികയായി പ്രശസ്ത നർത്തകി മേതിൽ ദേവിക എത്തുന്നു. ചെറുപ്പം മുതൽ സിനിമയിലേക്ക് ഒരുപാട് അവസരങ്ങൾ തേടിയെത്തിയെങ്കിലും ആദ്യമായി മേതിൽ ദേവിക ഒരു സിനിമയിൽ അഭിനയിക്കുന്നത് വിഷ്ണു മോഹൻ ചിത്രത്തിലൂടെയാണ്. ജോമോൻ ടി ജോൺ, ഷമീർ മുഹമ്മദ് എന്നിവർ ചേർന്നുള്ള പ്ലാൻ ജെ സ്റ്റുഡിയോസ്, വിഷ്ണു മോഹന്റെ വിഷ്ണു മോഹൻ സ്റ്റോറീസും ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.

ഹാരിസ് ദേശം, അനീഷ് പിബി എന്നിവരുടെ ഇമാജിൻ സിനിമാസും നിർമ്മാണ പങ്കാളികളാണ്.ഛായാഗ്രഹണം ജോമോൻ ടി ജോൺ. എഡിറ്റിംഗ്ഷമീർ മുഹമ്മദ്,സംഗീതം അശ്വിൻ ആര്യൻ, പ്രൊഡക്ഷൻ ഡിസൈനർസുഭാഷ് കരുൺ,കോസ്റ്റ്യൂംസ് ഇർഷാദ് ചെറുകുന്ന്, പ്രൊഡക്ഷൻ കൺട്രോളർറിന്നി ദിവാകർ,മേക്കപ്പ്സുധി സുരേന്ദ്രൻ,പ്രോജക്ട് ഡിസൈനർ വിപിൻ കുമാർ, സൌണ്ട് ഡിസൈൻടോണി ബാബു, സ്റ്റിൽസ് അമൽ ജെയിംസ്, ഡിസൈൻസ്ആനന്ദ് രാജേന്ദ്രൻ, പ്രൊമോഷൻസ്10 ജി മീഡിയ.ഫസ്റ്റ് ലുക്ക് പോസ്റ്റർ ഉടൻ റിലീസ് ചെയ്യുന്നതാണ്.പി ആർ ഒ എ എസ് ദിനേശ്.

# മണപ്പുറം ഫിനാൻസിന് 561 കോടി രൂപ അറ്റാദായം

MANAPPURAM FINANCE LIMITED
Make Life Easy

**കൊച്ചി:** സാമ്പത്തിക വർഷം രണ്ടാം പാദത്തിൽ മണപ്പുറം ഫിനാൻസ് ലിമിറ്റഡ് 561 കോടി രൂപ അറ്റാദായം നേടി. മുൻ വർഷം ഇതേ കാലയളവിലെ ലാഭമായിരുന്ന 410 കോടി രൂപയിൽ നിന്ന് 37 ശതമാനം വർധനയുണ്ടായി. ജൂണിൽ അവസാനിച്ച ഒന്നാം പാദത്തെ അപേക്ഷിച്ച് 12.6 ശതമാനമാണ് വർധന. കമ്പനി കൈകാര്യം ചെയ്യുന്ന സംയോജിത ആസ്തികളുടെ മൂല്യത്തിൽ 27 ശതമാനം വാർഷിക വർധന രേഖപ്പെടുത്തി. 38,950 കോടി രൂപയാണ് ആകെ ആസ്തി. സബ്സിഡിയറികൾ ഉൾപ്പെടാതെ ഉള്ള കമ്പനിയുടെ അറ്റാദായം 420 കോടി രൂപയാണ്. രണ്ടാം പാദത്തിലെ സംയോജിത പ്രവർത്തന വരുമാനം 27 ശതമാനം വർധിച്ച് 2157 കോടി രൂപയിലെത്തി. സ്വർണ വായ്പകൾ 8.4 ശതമാനം വർധിച്ച് 20,809 കോടി രൂപയിലുമെത്തി. 2023 സെപ്റ്റംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം കമ്പനിക്ക് 25 ലക്ഷം സജീവ സ്വർണ വായ്പാ ഉപഭോക്താക്കളുണ്ട്.

ലാഭക്ഷമതയും ആസ്തിയും വർധിപ്പിക്കുന്നതിൽ രണ്ടാം പാദത്തിലും തുടച്ചയായി നേട്ടമുണ്ടാക്കാൻ കഴിഞ്ഞതായി മണപ്പുറം ഫിനാൻസ് എംഡിയും സിഇഒയുമായ വി. പി. നന്ദകുമാർ പറഞ്ഞു. മികച്ച രീതിയിൽ വൈവിധ്യവൽക്കരിച്ച ഒരു കമ്പനിയായി മാറുക എന്ന ലക്ഷ്യം നേടുന്നതിനായി സ്വർണ വായ്പാ ഇതര ബിസിനസ്, പ്രത്യേകിച്ച് മൈക്രോഫിനാൻസ്, വാഹനഉപകരണ വായ്പാ ബിസിനസ് വർധിപ്പിച്ചുവരികയാണെന്നും അദ്ദേഹം പറഞ്ഞു.

മണപ്പുറത്തിനു കീഴിലുള്ള ആശിർവാദ് മൈക്രോഫിനാൻസ് ലിമിറ്റഡിന്റെ ആസ്തി മൂല്യം 43 ശതമാനം വർധിച്ച് 10,950 കോടി രൂപയിലെത്തി. മുൻ വർഷം 7,661 കോടി രൂപയായിരുന്നു. മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡും മികച്ച വളർച്ചയുടെ പാതയിലാണ്. ആസ്തി മൂല്യം 41.6 ശതമാനം വാർഷിക വർധനയോടെ 1305 കോടി രൂപയിലെത്തി. വാഹന, ഉപകരണ വായ്പാ വിഭാഗത്തിന്റെ ആസ്തി മൂല്യം 66.7 ശതമാനം വാർഷിക വളർച്ചയോടെ 3143 കോടി രൂപയായും ഉയർന്നു.

കമ്പനിയുടെ മൊത്തം ആസ്തി മൂല്യത്തിന്റെ 47 ശതമാനം സ്വർണവായ്പാ ഇതര ബിസിനസിൽ നിന്നാണ്. സബ്സിഡിയറികൾ ഉൾപ്പെടാതെയുള്ള കമ്പനിയുടെ ശരാശരി കടമെടുക്കൽ പലിശ നിരക്ക് 8.5 ശതമാനമാണ്. മൊത്ത നിഷ്ക്രിയ ആസ്തി 1.6 ശതമാനവും അറ്റ നിഷ്ക്രിയ ആസ്തി 1.4 ശതമാനവുമാണ്. കമ്പനിയുടെ സംയോജിത അറ്റ മൂല്യം 10,572 കോടി രൂപയാണ്. ഓഹരിയുടെ ബുക്ക് വാല്യു 125 രൂപയും മൂലധന പര്യാപ്തതാ അനുപാതം 30.7 ശതമാനവുമാണ്. 2023 സെപ്റ്റംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം എല്ലാ സബ്സിഡിയറികളും ഉൾപ്പെടെയുള്ള കമ്പനിയുടെ സംയോജിത കടം 32,237 കോടി രൂപയാണ്. ആകെ 64 ലക്ഷം സജീവ ഉപഭോക്താക്കളുമുണ്ട്.

# ടോർക്ക് ഫാർമ ആന്റി ലൈസ് ക്രീം വാഷ് അവതരിപ്പിച്ചു




**ഗുരുഗ്രാം:** പ്രമുഖ ഫാർമസ്യൂട്ടിക്കൽ കമ്പനിയായ ടോർക്ക് ഫാർമ, ടോർക്ക് കിച്ച് പേഴ്സണൽ കെയർ ബ്രാൻഡിന്റെ ഭാഗമായി ആന്റി ലൈസ് ക്രീം വാഷ് പുറത്തിറക്കി.

മുടിക്ക് ഒരു ദോഷവും വരുത്താതെ പേൻ ഫലപ്രദമായി ഇല്ലാതാക്കാൻ ഈ ഉൽപ്പന്നം പ്രകൃതിദത്ത ചേരുവകളുടെ ഗുണങ്ങൾ ഉപയോഗിക്കുന്നു.റീത്ത, ഷിക്കാക്കായ് എന്നിവയുൾപ്പെടെയുള്ള പ്രകൃതിദത്ത ഘടകങ്ങളുടെ മിശ്രിതം അടങ്ങിയ ഈ ക്രീം വാഷ്, പേൻ, പേൻ മുട്ട എന്നിവയെ തുടച്ചുനീക്കുകയും അവയുടെ തുടർന്നുള്ള വളർച്ച തടയുകയും ചെയ്യുന്നു. പേൻ & നിറ്റ്സ് റിമൂവർ ചീർപ്പും ഇതോടൊപ്പം ലഭിക്കുന്നു.

മുടിയിലും തലയോട്ടിയിലും മൃദുവായ കിച്ച് ആന്റിലൈസ് ക്രീം വാഷ് ഉപയോഗ സമയത്ത് അസ്വസ്ഥതയോ ഉണ്ടാക്കില്ലെന്ന് ഉറപ്പാക്കിയിട്ടുണ്ട്. പെഡിക്യുലോസിസിന്റെ ചികിത്സയ്ക്കായി പ്രത്യേകം രൂപപ്പെടുത്തിയതാണ് കിച്ച് ആന്റിലൈസ് ക്രീം വാഷ്. തലയോട്ടിയിലെ ചർമ്മത്തിന്റെ സമഗ്രത നിലനിർത്തിക്കൊണ്ട് പേൻ, ലാർവ, നിറ്റ് എന്നിവ ഫലപ്രദമായി ഇല്ലാതാക്കുന്നു, ടോർക്ക് ഫാർമ ഡയറക്ടർ അഭയ് ഇക്ബാൽ സിംഗ് ബേദി പറഞ്ഞു.

കിച്ച് ആന്റി ലൈസ് ക്രീം വാഷ് 60 രൂപയ്ക്കു ലഭ്യമാണ്. റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ നിന്നും Torqueonline.co.in-ൽ ഓൺലൈനായും വാങ്ങാം.

# നാളികേര വികസന ബോർഡ് ഹലോ നാരിയൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം കോൾ സെന്റർ ആരംഭിച്ചു

**കൊച്ചി** :നാളികേര കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം കോൾ സെന്ററായ ഹലോ നാരിയൽ നാളികേര വികസന ബോർഡ് പ്രവർത്തനം ആരംഭിച്ചു. നവംബർ ആദ്യവാരം കൊച്ചിയിൽ നടന്ന ഹോർട്ടികൾച്ചർ മേഖലാ ശിൽപശാല വേദിയിൽ കൃഷി, കർഷക ക്ഷേമ മന്ത്രാലയം ജോയിന്റ് സെക്രട്ടറി മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ) ശ്രീ പ്രിയ രഞ്ജൻ; ഹോർട്ടികൾച്ചർ കമ്മീഷണറും നാളികേര വികസന ബോർഡ് സിഇഒ ഡോ. പ്രഭാത് കുമാർ; ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് ഡയറക്ടർ ഡോ. എസ്. കെ. സിംഗ്; സി.പി.സി.ആർ.ഐ ഡയറക്ടർ ഡോ. കെ. ബി. ഹെബ്ബാർ എന്നിവരുടെ സാന്നിധ്യത്തിൽ, കൃഷി, കർഷക ക്ഷേമ മന്ത്രാലയം ഹോർട്ടികൾച്ചർ അഡ്വൈസർ ഡോ. സി. എഫ്. ജോസഫ് ഹലോ നാരിയൽ എീഇം കോൾ സെന്റർ പദ്ധതി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.



കേരളത്തിലെവിടെയുമുള്ള കേര കർഷകർക്ക് വിളിപ്പുറത്ത് തെങ്ങിന്റെ ചങ്ങാതിമാരെ ലഭ്യമാക്കുകയെന്നതാണ് കോൾ സെന്റർ സ്ഥാപിക്കുന്നതിലൂടെ ബോർഡ് ലക്ഷ്യമാക്കുന്നത്. ബോർഡിന്റെ ആസ്ഥാനമായ കൊച്ചിയിലാണ് കേരളത്തിലെ കോൾ സെന്ററിന്റെ പ്രവർത്തനം. കേരളത്തിന് പുറമെ പരമ്പരാഗത കേരോത്പാദക സംസ്ഥാനങ്ങളായ തമിഴ്നാട്ടിലും, ആന്ധ്രാപ്രദേശിലും, കർണ്ണാടകത്തിലും സമാന്തരമായി കോൾ സെന്റർ ആരംഭിക്കും. ഇതുവരെ 1924 ചങ്ങാതിമാരാണ് കോൾ സെന്ററിലേയ്ക്ക് രജിസ്റ്റർ ചെയ്തിട്ടു ള്ളത്. അതാത് ജില്ലകളിൽ ബ്ലോക്ക് ഗ്രാമ പഞ്ചായത്ത് തലത്തിലാണ് ചങ്ങാതിമാരുടെ സേവനം ലഭ്യമാക്കുക. ന്യായമായ വേതനത്തിന് വിളവെടുപ്പ്, തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, മരുന്നുതളിയ്ക്കൽ, രോഗ കീട നിയന്ത്രണം, നഴ്സറി പരിപാലനം, കൃത്രിമ പരാഗണം, വിത്തുതേങ്ങ സംഭരണം തുടങ്ങിയ സേവനങ്ങൾ ഈ പദ്ധതിയിലൂടെ കേര കർഷകർക്ക് പ്രയോജനപ്പെടുത്താം. കേര കോൾ സെന്ററിന്റെ പ്രവർത്തനത്തിലൂടെ തെങ്ങിന്റെ ചങ്ങാതിമാരെയും, കേര കർഷകരെയും കർഷക കൂട്ടായ്മകളെയും, നാളികേര സംരംഭകരേയും, കൃഷി വകുപ്പുദ്യോഗസ്ഥരെയും, കേരമേഖലയുമായി ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങളെയും കോർത്തിണക്കി മേഖലയിലെ പ്രവർത്തനങ്ങൾ സുഗമമാക്കാൻ സാധിക്കും. കൂടുതൽ വിവരങ്ങൾക്ക് 04842377266 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. ഇതിനുപുറമെ കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള മറ്റു ചങ്ങാതിമാർക്കും കോൾ സെന്ററിൽ രജിസ്റ്റർ ചെയ്യാം.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives!




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | CUSTOMER SATISFACTION 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA

FACTORY : KERALA
Kairady PO, Palakkad
+ 91 9288022663